കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

# തദ്ദേശകം

ജൂലൈ 2026 പുസ്തകം 2 ലക്കം 7



## കാലാവസ്ഥാ വെല്ലുവിളികൾക്കെതിരെ ഒന്നിക്കാം

കേരള സർക്കാർ

LSGD

# അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

## തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ  സ്വയം ഭരണ സ്ഥാപനങ്ങളിലെ
അഴിമതി / കൈക്കൂലി സംബന്ധിച്ച
പരാതികൾ  പൊതുജനങ്ങൾക്ക്

**807 806 60 60**

എന്ന വാട്സ്ആപ്പ് നമ്പറിൽ
അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

ജൂലൈ 2026 പുസ്തകം 2 ലക്കം 7

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**കെ എം ഷാജി**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്**
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

**സുഫിയൻ അഹമദ് ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)

**എൻ ദേവിദാസ് ഐ.എ.എസ്**
ഡയറക്ടർ, കില

**ചീഫ് ടൗൺ പ്ലാനർ**

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്,
ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

ചെയർപേഴ്സൺ,
ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ,
ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്,
മേയേർസ് കൗൺസിൽ

സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

# ദുരന്ത പ്രതിരോധ ശേഷിയുള്ള സുസ്ഥിരകേരളം സൃഷ്ടിക്കാം

സുരക്ഷിതവും സുസ്ഥിരവും ദുരന്തപ്രതിരോധ ശേഷിയുള്ളതുമായ കേരളം കെട്ടിപ്പടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്തം മുമ്പെങ്ങുമില്ലാത്തവിധം വർധിച്ചിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം ഒരു പരിസ്ഥിതി പ്രശ്നം എന്നതിനപ്പുറത്ത്, വികസനത്തിന്റെയും ഭരണത്തിന്റെയും സാമൂഹിക സുരക്ഷയുടെയും ഏറ്റവും വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നു. അടുത്ത കാലത്തായി കേരളത്തിൽ കാലവർഷം താരതമ്യേന ദുർബലമായി ആരംഭിക്കുകയും ക്രമരഹിതമായി മുന്നേറുകയും തുടർന്ന് ആഗസ്ത് മാസത്തിൽ അതിതീവ്രമായ മഴയായി രൂപാന്തരപ്പെടുകയും ചെയ്യുന്നത് പതിവായിരിക്കുന്നു. മഴയുടെ ഈ വ്യതിയാനം വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ ദുരന്തങ്ങളുടെ സാധ്യത വർധിപ്പിച്ചിരിക്കുന്നു.

പ്രാദേശിക ഭൂമിശാസ്ത്രവും ജനങ്ങളുടെ ജീവിതസാഹചര്യങ്ങളും ഏറ്റവും നന്നായി അറിയുന്ന ഭരണസംവിധാനമെന്ന നിലയിൽ പഞ്ചായത്തുകളും നഗര സഭകളുമാണ് ദുരന്തനിവാരണത്തിന്റെ പ്രാഥമിക ഉത്തരവാദിത്തം നിർവ്വഹിക്കുന്നത്. വാർഡ് തല കൂട്ടായ്മകൾ, സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ, യുവജന സംഘടന കൾ, വിവിധ വകുപ്പുകൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കി ദുരന്തനിവാരണത്തെ ജനകീയ പ്രവർത്തനമാക്കി മാറ്റുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

ദുരന്തപ്രതിരോധം വികസന ആസൂത്രണത്തിന്റെ അവിഭാജ്യ ഘടകമാകേണ്ട കാലമാണിത്. പ്രാദേശിക പദ്ധതികളിൽ കാലാവസ്ഥാ പ്രതിരോധവും പരിസ്ഥിതി സംരക്ഷണവും ഉൾച്ചേർന്നാൽ മാത്രമേ സുസ്ഥിര വികസനം യാഥാർഥ്യമാകൂ. റോഡുകൾ, കെട്ടിടങ്ങൾ, ജലസംരക്ഷണ പദ്ധതികൾ, മാലിന്യ സംസ്കരണം, പ്രകൃതി വിഭവ സംരക്ഷണം, ഭൂവിനിയോഗം തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട ഓരോ വികസന തീരുമാനവും ദുരന്തസാധ്യതകളെ കൂടി പരിഗ ണിച്ചായിരിക്കണം.

ഈ ലക്കത്തിൽ ദുരന്തനിവാരണത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് പരി ശോധിക്കുന്നതിനൊപ്പം, തദ്ദേശ സ്ഥാപനങ്ങളുടെ ധനശേഷിയും വികസന സാധ്യതകളും ശക്തിപ്പെടുത്താൻ സഹായിക്കുന്ന പതിനാറാം ധനകാര്യ കമ്മീഷന്റെ ശുപാർശകളെക്കുറിച്ചും ജലവിഭവ സംരക്ഷണത്തിനും കാർഷിക സുസ്ഥിരതയ്ക്കും പുതിയ ദിശാബോധം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ. എസ്.വൈ. 2.0-യെക്കുറിച്ചുമുള്ള ലേഖനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ദുരന്തങ്ങൾ സംഭവിച്ചതിനുശേഷമുള്ള രക്ഷാപ്രവർത്തനങ്ങൾക്കൊപ്പം, ദുരന്തസാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് സ്വയം സജ്ജരാവുകയും ജനങ്ങളെ സജ്ജരാക്കുകയും ചെയ്യുന്നതിലൂടെ അപകടസാധ്യത കുറയ്ക്കുന്നതും പ്രധാന മാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ കർമ്മ പദ്ധതികൾ കുറ്റമറ്റതാക്കിയും ജനകീയ കൂട്ടായ്മകൾ ശക്തിപ്പെടുത്തിയും നമുക്ക് ഒരുമിച്ചു നിൽക്കാം. അറിവും ആസൂത്രണവും ജനപങ്കാളിത്തവും കൊണ്ട് ദുരന്തസാധ്യതകളെ മുൻകൂട്ടി ചെറുക്കാൻ ശേഷിയുള്ള ഒരു കേരളത്തെ നമുക്ക് സൃഷ്ടിക്കാം.

**ദീപ കെ.**
എഡിറ്റർ

# ഉള്ളടക്കം


06
തദ്ദേശ സ്വയംഭരണ
സ്ഥാപനങ്ങളും ദുരന്തനിവാരണവും

10
ഹരിതസമൃദ്ധിയിലേക്ക്
ഒരു ജനകീയ വഴിത്താര

18
പതിനാറാം ധനകാര്യ കമ്മീഷനും
തദ്ദേശ സ്വയംഭരണവും

27
പരിസ്ഥിതിദിനം ആചരിച്ചു.

28
മഴക്കാല പകർച്ചവ്യാധി പ്രതിരോധം
ശക്തമാക്കാൻ 'ഡ്രൈ ഡേ' കലണ്ടർ

29
പരിഷ്ക്കരിച്ച വാർഷിക പദ്ധതി:
സമയപരിധി നീട്ടി

30
പിഎംആവാസ് യോജന
ഗ്രാമീണിന് (2026–27) അംഗീകാരം




തദ്ദേശകം മാസികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ, വികസനവാർത്തകൾ, റിപ്പോർട്ടുകൾ, കത്തുകൾ എന്നിവ ribkerala@gmail.com ൽ അയയ്ക്കുക




31
ആത്മനിർഭർ ഭാരത്: ശിൽപശാല

33
ജനങ്ങൾക്ക് സമയബന്ധിത
സേവനം ഉറപ്പാക്കണം
ഉദ്യോഗസ്ഥരോട് മന്ത്രി കെ.എം. ഷാജി

34
സ്മാർട്ട് സിറ്റി മിഷനുകൾ

36
സാക്ഷരതാ മിഷൻ

38
തൊഴിലുറപ്പ് പദ്ധതി:
വേതന നിരക്കുകൾ പുതുക്കി

39
കുടുംബശ്രീ 'പുനർജീവന മധുരം' പദ്ധതിക്ക്
തുടക്കമായി

40
എലിക്കുളത്തിന്റെ നാട്ടുചന്ത
കർഷകരുടെ സ്വന്തം വിപണിക്ക് മാതൃക

42
ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിന്
ജില്ലാ പഞ്ചായത്തിന്റെ
സൗജന്യ യൂട്യൂബ് ചാനൽ

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ദുരന്തനിവാരണവും



ദുരന്തനിവാരണത്തിന്റെ കാര്യക്ഷമത ദുരന്തങ്ങളെ നേരിടാൻ സർക്കാർ സംവിധാനവും പൊതുജനങ്ങളും എത്രത്തോളം തയ്യാറെടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ഈ തിരിച്ചറിവ് അടിസ്ഥാനമാക്കിയാണ് കേരളം അതിന്റെ ദുരന്ത നിവാരണ സമീപനം രൂപപ്പെടുത്തിയത്. 2005 ലെ ദുരന്ത നിവാരണ നിയമം സംസ്ഥാനങ്ങൾക്ക് ദുരന്തങ്ങളെ നേരിടുന്നതിനുള്ള ഒരു വ്യവസ്ഥാപിത ചട്ടക്കൂട് നൽകിയെങ്കിലും അതിന്റെ യഥാർത്ഥ വിജയം നിർണ്ണയിക്കുന്നത് അടിത്തട്ടിലുള്ള ഭരണ സംവിധാനങ്ങളുടെ പങ്കാളിത്തമാണ്. കേരളത്തിൽ, ഈ ശൃംഖലയിൽ ഏറ്റവും നിർണായകമായ കണ്ണി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അവയാണ് ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളുടെയും ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെയും പ്രധാന ഉത്തരവാദിത്വം വഹിക്കുന്നത്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) തയ്യാറാക്കിയ 'ഓറഞ്ച് പുസ്തകം' ദുരന്തപ്രതിരോധത്തിലും ദുരന്ത നിവാരണത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്ക് അടിവരയിടുന്നു.

## ഓറഞ്ച് പുസ്തകം എന്ത് , എന്തിന്?

2012 മുതൽ എല്ലാ വർഷവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക യോഗം സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ നടത്തി വരുന്നു. 2018, 2019 വർഷങ്ങളിലെ പ്രളയാനുഭവങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടാണ് ഇത്തരം ഒരു മാർഗ്ഗരേഖയുടെ (ഓറഞ്ച് പുസ്തകം) ആവശ്യകത




ഉയർന്നുവന്നത്. 2005 ലെ ദുരന്ത നിവാരണ നിയമത്തിലെ സെക്ഷൻ 22(2)(f) പ്രകാരം തയ്യാറാക്കിയ ഓറഞ്ച് പുസ്തകം, സംസ്ഥാന ദുരന്ത പ്രതിരോധ പദ്ധതിയുടെ അവിഭാജ്യ ഘടകമാണ്. ഈ പുസ്തകം ഓരോ വർഷവും പുതുക്കി പ്രസിദ്ധീകരിക്കുന്നു. ദുരന്ത സമയങ്ങളിൽ പാലിക്കേണ്ട മാനദണ്ഡങ്ങളും പ്രവർത്തനരീതികളും (SOP) അടിയന്തര പിന്തുണാ പ്രവർത്തന പദ്ധതിയും (ESFP) ഇതിൽ ഉൾപ്പെടുന്നു. അതത് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളാണ് ഇതിന് നേതൃത്വം നൽകുന്നത്. 2019ലെ പ്രളയാനുഭവത്തിന്റെ വെളിച്ചത്തിൽ പുസ്തകം പുതുക്കാൻ സംസ്ഥാന ഇ.ഒ.സിയെ 2020 ഏപ്രിൽ 30ന് ചുമതലപ്പെടുത്തിയതിനു ശേഷം വർഷംതോറും ഇത് പുതുക്കി വരുന്നു. 2024-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വിവിധ വകുപ്പുകളെയും സേനകളെയും ജില്ലാ അതോറിറ്റികളെയും ഉൾപ്പെടുത്തി ഓറഞ്ച് പുസ്തകം സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി അംഗീകരിച്ചു. 2025-ലെ പതിപ്പിൽ ഉരുൾപൊട്ടൽ സാധ്യതാ ഭൂപടമായി ദേശീയ ഏജൻസിയായ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഭൂപടം ഉപയോഗിക്കാൻ തീരുമാനിച്ചു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ദുരന്തങ്ങളെ നേരിടുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പങ്ക് എത്ര വലുതാണെന്ന് 'ഓറഞ്ച് പുസ്തകം' വ്യക്തമാക്കുന്നു. 2018-19 ലെ പ്രളയങ്ങളുടെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടാണ് ജനങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപന തല ദുരന്ത ലഘൂകരണ പദ്ധതികൾ (LSG DMP) തയ്യാറാക്കാനുള്ള 'നമ്മൾ നമുക്കായി' എന്ന ക്യാമ്പയിന് രൂപം നൽകിയത്. തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് പ്രധാനമായും അഞ്ച് മേഖലകളിലാണ്: ദുരന്ത ലഘൂകരണ പദ്ധതികളുടെ നിർമ്മാണം, എമർജൻസി റെസ്പോൺസ് ടീമുകളുടെ രൂപീകരണം, ദുരിതാശ്വാസ ക്യാമ്പുകളുടെ മാനേജ്മെന്റ്, വിഭവശേഷി മാപ്പിംഗ്, ദുർബല വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കൽ എന്നിവയാണ് അവ. ഓരോ ഗ്രാമ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും അവരുടെ പ്രദേശത്തെ അപകട സാധ്യതകൾ വിലയിരുത്തി പദ്ധതികൾ തയ്യാറാക്കണം. 2019-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ നാല് തരത്തിലുള്ള എമർജൻസി റെസ്പോൺസ് ടീമുകളെ (ERT) തയ്യാറാക്കിയിട്ടുണ്ട്: പ്രഥമ ശുശ്രൂഷാ സംഘം, തിരച്ചിൽ ഒഴിപ്പിക്കൽ രക്ഷപ്പെടുത്തൽ സംഘം, ദുരന്ത മുന്നറിയിപ്പ് സംഘം, ക്യാമ്പ് മാനേജ്മെന്റ് സംഘം എന്നിവയാണവ. ദുരന്ത സമയത്ത് ജനങ്ങൾക്ക് അഭയം നൽകുന്നതിനുള്ള ക്യാമ്പുകൾ സജ്ജീകരിക്കുകയും അവ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക എന്നത് നിർണായക ഉത്തരവാദിത്വമാണ്. 2021-ലെ 'തൗക്തേ' ചുഴലിക്കാറ്റിനെ (Cyclone Tauktae) നേരിട്ടപ്പോൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഈ മുൻകൂർ തയ്യാറെടുപ്പുകൾ വളരെ പ്രയോജനകരമായിരുന്നു. അന്ന്, രാജ്യത്ത് മറ്റൊരു സംസ്ഥാനവും ഇത്ര വിപുലമായി തദ്ദേശതല പദ്ധതികൾ തയ്യാറാക്കിയിരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

വിഭവശേഷി മാപ്പിംഗിന്റെ ഭാഗമായി, JCB, ഹിറ്റാച്ചി, ബോട്ടുകൾ, മരം മുറിക്കാനുള്ള യന്ത്രങ്ങൾ തുടങ്ങിയ യന്ത്രങ്ങളുടെയും ജനറേറ്ററുകൾ, ലൈറ്റുകൾ, പമ്പുകൾ തുടങ്ങിയ ഉപകരണങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കണം. ഉടമകളുടെ പേരും മൊബൈൽ നമ്പറും രേഖപ്പെടുത്തണം.

മലയോരങ്ങളിലും പുഴയോരങ്ങളിലും താമസിക്കുന്നവർ, 2018, 2019, 2021 വർഷങ്ങളിൽ ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ/വെള്ളപ്പൊക്കം ബാധിച്ചവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ, കിടപ്പ് രോഗികൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ കൃത്യമായ പട്ടിക തയ്യാറാക്കി, ഒഴിപ്പിക്കൽ പ്രവർത്തനങ്ങളിൽ അവർക്ക് മുൻഗണന നൽകണം. ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കപ്പെട്ടാൽ, ഈ വിഭാഗങ്ങളെ നിർബന്ധമായും ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കണം.

## പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ

2025-ലെ ഓറഞ്ച് പുസ്തകം, വനം വകുപ്പിന്റെ ട്രീ കമ്മിറ്റിയുടെ അനുമതിയോടെ അപകടകരമായ മരങ്ങൾ മുറിക്കാൻ നിർദ്ദേശിക്കുന്നു. പൊതു/ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ ആശുപത്രികളിലെയും അപകടസാധ്യതയുള്ള മരങ്ങൾ മുറിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് അധികാരമുണ്ട്. GSI ഭൂപടത്തിൽ ഹൈ, മോഡറേറ്റ് ഹസാർഡ് സോണുകളിൽ വരുന്ന സ്ഥലങ്ങളിൽ റെഡ്, ഓറഞ്ച് അലർട്ടുള്ള ദിവസങ്ങളിലും അതിന് രണ്ട് ദിവസം മുമ്പും ശേഷവും നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് അധികാരമുണ്ട്. എല്ലാ സ്കൂളുകളും സ്കൂൾ സുരക്ഷാ പദ്ധതികൾ തയ്യാറാക്കി, USchool ആപ്പ് വഴി ജൂലൈ 30ന് മുമ്പായി സമർപ്പിക്കണം. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിച്ച്, യോഗ്യമല്ലാത്ത കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കണം.

ജില്ലാ മാനസികാരോഗ്യ പ്രോഗ്രാമുമായി ചേർന്ന്, ദുരന്തബാധിതർക്കും ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവർക്കും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ ഉറപ്പാക്കണം. കൗൺസിലർമാരുടെ ഒരു പാനൽ മുൻകൂട്ടി തയ്യാറാക്കി വെക്കേണ്ടതാണ്. ഓരോ വാർഡിലും ഒരു ക്യാമ്പ് എന്ന നിലയിൽ സ്ഥലങ്ങൾ കണ്ടെത്തി പ്രസിദ്ധീകരിക്കണം. ഈ ക്യാമ്പുകളിലെ വൈദ്യുതി, ശുചിമുറികൾ, സെപ്റ്റിക് ടാങ്ക്, ലൈറ്റ്, ഫാൻ, അടുക്കള എന്നിവയുടെ മെച്ചപ്പെടുത്തലിനായി പഞ്ചായത്തുകൾക്ക് 1 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷവും കോർപ്പറേഷനുകൾക്ക് 5 ലക്ഷം രൂപയും അനുവദിക്കാം.

## മുന്നറിയിപ്പ് സംവിധാനങ്ങൾ

കേരളത്തിലെ 126 ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളും സ്ട്രോബ് ലൈറ്റുകളും (Strobe light) ദുരന്ത സംബന്ധിയായ മുന്നറിയിപ്പുകൾ പൊതുസമൂഹത്തെ അറിയിക്കുന്നതിനായി ഉപയോഗിക്കുന്നു. റെഡ്, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിക്കപ്പെട്ടാൽ, ഉച്ചയ്ക്ക് മൂന്നരയ്ക്കും നാലിനും ഇടയിൽ സൈറൺ മുഴക്കും. ഇതിനു പുറമേ, ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ SACHET എന്ന മൊബൈൽ ആപ്ലിക്കേഷനും, വാട്സ്ആപ്പ് ചാനലും വഴിയും മുന്നറിയിപ്പുകൾ ജനങ്ങളിലെത്തിക്കുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിക്കുന്ന 'ഇടിയോടു കൂടിയ മഴ അടുത്ത 3 മണിക്കൂറിനുള്ളിൽ ഇന്ന ജില്ലയിൽ പെയ്യും' എന്ന തരത്തിലുള്ള മുന്നറിയിപ്പുകൾ, സ്ഥലാധിഷ്ഠിത അലർട്ട് സംവിധാനം വഴി SMS ആയും ലഭിക്കുന്നു. SMS മെസേജിംഗ് സംവിധാനത്തിലൂടെ ജില്ലാ NIC-കൾ ആവശ്യമായ അറിയിപ്പുകൾ നൽകുന്നു.

## പുതിയ മാർഗരേഖ

2026-ലെ ഓറഞ്ച് പുസ്തകം, എൽനിനോ പ്രതിഭാസം ശക്തിപ്പെടുന്ന സാഹചര്യത്തിൽ, അതിതീവ്ര മഴയ്ക്കും സാധ്യതയുള്ള വരൾച്ചയ്ക്കും ഒരുങ്ങാൻ



നിർദ്ദേശിക്കുന്നു. ജില്ലാ കളക്ടർമാർക്കും നഗര സഭകൾക്കും കൂടുതൽ തീരുമാനമെടുക്കാനുള്ള അധികാരം നൽകുകയും, വകുപ്പുകൾ തമ്മിലുള്ള ഉത്തരവാദിത്വങ്ങൾ കൂടുതൽ വ്യക്തമാക്കുകയും ചെയ്യുന്നു. ദുരന്തങ്ങളെ നേരിടുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് കൂടുതൽ ശക്തിപ്പെടുത്തുകയും, ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ സമീപനത്തിന്റെ കേന്ദ്രബിന്ദു.

2018-ലെ പ്രളയത്തിന് ശേഷം, ദുരന്തങ്ങൾ ഫലപ്രദമായി നേരിടാൻ തദ്ദേശ തലത്തിലുള്ള തയ്യാറെടുപ്പുകളും പ്രതികരണ ശേഷിയും അത്യന്താപേക്ഷിതമാണെന്ന് കേരളം മനസ്സിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് ഫണ്ട് ലഭ്യമാക്കുക, അവയുടെ തീരുമാനമെടുക്കാനുള്ള അധികാരം വർദ്ധിപ്പിക്കുക, ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക തുടങ്ങിയ നടപടികൾ ഈ സമീപനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഓറഞ്ച് പുസ്തകം ഈ തത്ത്വത്തെ ശക്തിപ്പെടുത്തുകയും, അടിയന്തര സാഹചര്യങ്ങളിൽ സുരക്ഷിതത്ത്വം ഉറപ്പാക്കുന്നതിനുള്ള അടിത്തറയിടുകയും ചെയ്യുന്നു. ദുരന്ത നിവാരണത്തിന്റെ യഥാർത്ഥ നായകന്മാർ ഓരോ വാർഡിലും, ഓരോ പഞ്ചായത്തിലും ഓരോ നഗരസഭയിലും പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരോടൊപ്പം നിൽക്കുന്ന പൊതുജനങ്ങളുമാണ് എന്ന സന്ദേശമാണ് ഓറഞ്ച് പുസ്തകം നൽകുന്നത്. അടിത്തട്ടിൽ നിന്നുള്ള ഈ ശക്തമായ ഇടപെടൽ തന്നെയാണ് കേരളത്തെ ദുരന്ത നിവാരണത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുന്നത്.





**സുധീഷ്കുമാർ കെ.**
ടെക്നിക്കൽ എക്സ്പേർട്ട്, പി.എം.കെ.എസ്.വൈ

## കേരളത്തിലെ നീർത്തട വികസന പദ്ധതി (WDC-PMKSY 2.0)

# ഹരിതസമൃദ്ധിയിലേക്ക് ഒരു ജനകീയ വഴിത്താര

"അടുത്തൊരു ലോകമഹായുദ്ധം ഉണ്ടാകുകയാണെങ്കിൽ അത് ജലത്തിന് വേണ്ടിയായിരിക്കും." ഇസ്മാഈൽ സെറാഗെൽഡിൻ (മുൻ ലോകബാങ്ക് വൈസ് പ്രസിഡന്റ്)

കാലാവസ്ഥാ വ്യതിയാനവും അനിയന്ത്രിതമായ ചൂഷണവും കാരണം ലോകമാകെ ഇന്ന് സമാനതകളില്ലാത്ത ജലപ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ഐക്യരാഷ്ട്രസഭയുടെ (UN Water Report) ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ലോകജനസംഖ്യയിലെ 72 ശതമാനത്തോളം (ഏകദേശം 5.52 ബില്യൺ) ആളുകൾ ജലസുരക്ഷിതത്വമില്ലാത്ത (Water-Insecure) സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. ഈ പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് ഇന്ത്യയുൾപ്പെടുന്ന ദക്ഷിണേഷ്യൻ രാജ്യങ്ങളെയാണ്.

ദേശീയ തലത്തിലേക്ക് നോക്കുമ്പോൾ സ്ഥിതി

വിവരക്കണക്കുകൾ കൂടുതൽ ഭയപ്പെടുത്തുന്നതാണ്. ലോകജനസംഖ്യയുടെ 18 ശതമാനത്തോളം ഇന്ത്യയിലാണുള്ളതെങ്കിലും ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ വെറും 4 ശതമാനം മാത്രമാണ് നമുക്ക് ലഭ്യമായിട്ടുള്ളത്. ഇന്ത്യയിലെ 60 കോടിയോളം ജനങ്ങൾ അതിരൂക്ഷമായ ജലക്ഷാമം നേരിടുന്നുണ്ടെന്ന് നിതി ആയോഗ് വ്യക്തമാക്കുന്നു. ജലക്ഷാമം പരിഹരിച്ചില്ലെങ്കിൽ 2050 ഓടെ രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദന വളർച്ചയിൽ (GDP) 6 ശതമാനത്തിന്റെ ഇടിവ് ഉണ്ടായേക്കാം. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ അസസ്മെന്റ് റിപ്പോർട്ട് പ്രകാരം രാജ്യത്തെ 10 ശതമാനത്തിലധികം ബ്ലോക്കുകളിലെ ഭൂഗർഭജലം പരിധിവിട്ട് ചൂഷണം ചെയ്യപ്പെട്ടുകഴിഞ്ഞു (Over-exploited). ഡൽഹി, ബംഗളൂരു, ചെന്നൈ തുടങ്ങിയ നഗരങ്ങൾ കടുത്ത ഭൂഗർഭജല ശോഷണ ഭീഷണിയിലാണ്. ഇന്ത്യയിലെ ഗ്രാമീണ ശുദ്ധജലത്തിന്റെ 80 മുതൽ 90 ശതമാനം വരെ ഉപയോഗിക്കുന്നത് കൃഷിക്കായാണ്. ഇതിൽ പകുതിയിലധികവും വറ്റിവരണ്ടുകൊണ്ടിരിക്കുന്ന ഭൂഗർഭജലത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

ഈയൊരു പശ്ചാത്തലത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ WDC-PMKSY 2.0 പദ്ധതിയും അതിനു കീഴിലുള്ള 'മിഷൻ നീർത്തട പുനരുത്ഥാനും' നിർണ്ണായകമാകുന്നത്. പെയ്യുന്ന ഓരോ തുള്ളി മഴവെള്ളത്തെയും മണ്ണിലേക്ക് താഴ്ത്തി ഭൂഗർഭ ജലനിരപ്പ് ഉയർത്തുകയും, വാട്ടർ ബഡ്ജറ്റിംഗ് (Water Budgeting) വഴി ലഭ്യമായ ജലം കൃത്യമായി ആസൂത്രണം ചെയ്ത് ഉപയോഗിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരു പോംവഴി നമ്മുടെ മുന്നിലില്ല. കേരളത്തിന്റെ തനതായ ഭൂപ്രകൃതി അനുസരിച്ച്, പശ്ചിമഘട്ടത്തിൽ (മലനാട്ടിൽ) പെയ്യുന്ന മഴവെള്ളം ഒഴുകി കടലിലെത്താൻ എടുക്കുന്നത് 48 മുതൽ 72 മണിക്കൂർ വരെ മാത്രമാണ്. മറ്റു വലിയ സംസ്ഥാനങ്ങളിലെ നദികളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറഞ്ഞ സമയമാണ്. ഇതിന് പ്രധാനമായും ഭൂമിശാസ്ത്രപരമായ കാരണങ്ങളാണുള്ളത്. പശ്ചിമഘട്ടമലനിരകളിൽനിന്നും നിന്നും അറബിക്കടലിലേക്കുള്ള ദൂരം കേരളത്തിൽ വളരെ കുറവാണ്. സംസ്ഥാനത്തിന്റെ പരമാവധി വീതി 120 കിലോമീറ്ററും ഏറ്റവും കുറഞ്ഞ വീതി 35 കിലോമീറ്ററുമാണ്. ഇത്രയും ചെറിയ ദൂരത്തിലൂടെയാണ് നദികൾ ഒഴുകുന്നത്. പശ്ചിമഘട്ടം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1500 മുതൽ 2500 മീറ്റർ വരെ ഉയരത്തിലാണ്.


> ലോകജനസംഖ്യയുടെ 18 ശതമാനത്തോളം ഇന്ത്യയിലാണുള്ളതെങ്കിലും, ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ വെറും 4 ശതമാനം മാത്രമാണ് നമുക്ക് ലഭ്യമായിട്ടുള്ളത്. ഇന്ത്യയിലെ 60 കോടിയോളം ജനങ്ങൾ അതിരൂക്ഷമായ ജലക്ഷാമം നേരിടുന്നുണ്ടെന്ന് നിതി ആയോഗ് വ്യക്തമാക്കുന്നു.


## നീർത്തട സംരക്ഷണത്തിന്റെ പ്രാധാന്യം

വർഷത്തിൽ ശരാശരി 3000 മില്ലിമീറ്റർ മഴ ലഭിച്ചിട്ടും ഫെബ്രുവരി-മാർച്ച് മാസമാകുമ്പോഴേക്ക് കേരളത്തിൽ കടുത്ത വേനലും കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നതിനാൽ പ്രകൃതിദത്തമായ ഈ അതിവേഗ ഒഴുക്കിനെ തടഞ്ഞുനിർത്തി, മഴവെള്ളത്തെ മണ്ണിലേക്ക് 'താഴ്ത്തി ഇറക്കുക' (Infiltration) എന്നതാണ് നമ്മുടെ നീർത്തട വികസന പദ്ധതികളുടെ പ്രധാന ലക്ഷ്യം. മഴക്കുഴികൾ, തടയണകൾ, കയ്യാലകൾ കുളങ്ങൾ എന്നിവ നിർമ്മിച്ച് ഈ ഒഴുക്കിനെ എത്രത്തോളം മന്ദഗതിയിലാക്കുന്നുവോ, അത്രത്തോളം നമ്മുടെ ഭൂഗർഭ ജലനിരപ്പ് ഉയരുകയും വേനൽക്കാലത്തെ വരൾച്ചയെ തടയാൻ സാധിക്കുകയും ചെയ്യും.



മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതിന് ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗമാണ് 'നീർത്തട വികസനം' (Watershed Development). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പി.എം.കെ.എസ്.വൈ. നീർത്തട ഘടകം 2.0 Watershed Development Component - Pradhan Mantri Krishi Sinchayee Yojana 2.0 WDC-PMKSY 2.0) ഈ രംഗത്തെ വിപ്ലവകരമായ ഒരു ചുവടുവെപ്പാണ്. കാലാവസ്ഥാ വ്യതിയാനം ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ പദ്ധതി ഒരുപോലെ വഴികാട്ടിയാകുന്നു.

## നീർത്തട വികസനത്തിന്റെ ചരിത്രപരമായ പരിണാമം

നീർത്തട വികസന പ്രവർത്തനങ്ങൾക്ക് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. കേവലം മണ്ണുസംരക്ഷണം എന്നതിൽ നിന്ന് തുടങ്ങി ഇന്ന് സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങളുടെ വികസനം എന്ന വിശാലമായ ലക്ഷ്യത്തിലേക്ക് ഈ പ്രക്രിയ വളർന്നിരിക്കുന്നു. വറ്റിവരണ്ടതും മഴയെ ആശ്രയിക്കുന്നതുമായ (Rainfed) പ്രദേശങ്ങളുടെ ഉൽപ്പാദനക്ഷമത കൂട്ടാൻ ഡി.പി.എ.പി പോലുള്ള പദ്ധതികൾ 1970-1980 കളിൽ ആരംഭിച്ചു. 1994 ൽ ഹനുമന്തറാവു കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് നീർത്തട വികസനത്തിൽ 'ജനപങ്കാളിത്തം' (Community Participation) അനിവാര്യമാണെന്ന തിരിച്ചറിവുണ്ടാകുന്നത്. വിവിധ മന്ത്രാലയങ്ങൾക്ക് കീഴിലായി ചിതറിക്കിടന്ന പദ്ധതികളെ സംയോജിപ്പിച്ചു കൊണ്ട് 2009-10 ൽ 'ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം' (IWMP) ആരംഭിച്ചു. 2015-16 ൽ ഐ.ഡബ്ല്യു.എം.പി പദ്ധതിയെ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയുടെ കീഴിലാക്കി 'WDC-PMKSY' എന്ന് പുനർനാമകരണം ചെയ്തു.

കേരളത്തിന്റെ നീർത്തടവികസന ചരിത്രത്തിന് തനതായ രണ്ട് പ്രത്യേകതകളുണ്ട്: ഭൂപ്രകൃതിയും ജനകീയാസൂത്രണവും. എഴുപതുകളിലും എൺപതുകളിലും പൈലറ്റ് അടിസ്ഥാനത്തിൽ തുടങ്ങിയ നീർത്തട പദ്ധതികൾ കേരളത്തിന്റെ ഉയർന്ന ചരിവുകളുള്ള ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിലാണ് രൂപകൽപ്പന ചെയ്തത്. 1996 മുതൽ കേരളത്തിലെ വികേന്ദ്രീകൃത ജനകീയാസൂത്രണത്തിലൂടെ നീർത്തട മാപ്പിംഗും പ്ലാനിംഗും വാർഡ് തലത്തിലേക്ക് ഇറങ്ങിവന്നു. ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും നേരിട്ടിറങ്ങി ശാസ്ത്രീയമായ രീതിയിൽ 'മാസ്റ്റർ പ്ലാനുകൾ' തയ്യാറാക്കാൻ തുടങ്ങി. കേരളത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങളായ മലയോര മേഖലകളിൽ മണ്ണൊലിപ്പ് തടയാനും കൃഷി പ്രോത്സാഹിപ്പിക്കാനും പശ്ചിമഘട്ട വികസന പദ്ധതി (WGDP) ഏറെ സഹായിച്ചു.

### ദേശീയ - സംസ്ഥാനതല സ്ഥിതിവിവരക്കണക്കുകൾ

ഒരു പദ്ധതിയുടെ ഗൗരവം മനസ്സിലാക്കാൻ അതിന്റെ വ്യാപ്തിയും സാമ്പത്തിക സ്രോതസ്സും അറിയേണ്ടതുണ്ട്. WDC-PMKSY 2.0 പദ്ധതിയുടെ പ്രധാനപ്പെട്ട കണക്കുകൾ താഴെ നൽകുന്നു:

| **മാനദണ്ഡങ്ങൾ** (Parameters) | **ദേശീയ തലം** (National Data) | **സംസ്ഥാനതലം - കേരളം** (Kerala State Data) |
|---|---|---|
| ആകെ അനുവദിച്ച പ്രൊജക്റ്റുകൾ | 1,220 പ്രൊജക്റ്റുകൾ | തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് തുടങ്ങിയ 6 ജില്ലകളിലായി വിവിധ പ്രൊജക്റ്റുകൾ. |
| ലക്ഷ്യമിടുന്ന ഭൂവിസ്തൃതി | 52.93 ലക്ഷം ഹെക്ടർ തരിശു/മഴാശ്രിത ഭൂമി | ബ്ലോക്ക് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 26,163 ഹെക്ടർ തനത് നീർത്തട പ്രദേശങ്ങൾ. |
| ആകെ സാമ്പത്തിക അടങ്കൽ | ₹12,972.86 കോടി (കേന്ദ്ര വിഹിതം: ₹8,487.97 കോടി) | കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിൽ കേരളത്തിനായി 73.26 കോടി. |
| മാറ്റിവെച്ച ഫണ്ടിംഗ് നിരക്കുകൾ | സമതലങ്ങൾക്ക്: ഹെക്ടറിന് ₹22,000<br>മലയോരങ്ങൾക്ക്: ഹെക്ടറിന് ₹28,000 | കേരളത്തിലെ ഭൂരിഭാഗം കുന്നിൻ പ്രദേശങ്ങൾക്കും ഹെക്ടറിന് ₹28,000 എന്ന ഉയർന്ന നിരക്ക് ലഭ്യമാണ്. |



## കൈവരിച്ച പ്രധാന നേട്ടങ്ങൾ (ദേശീയ തലത്തിൽ)

- ആകെ 17,200-ലധികം ജലസംഭരണികളും തടയണകളും പുതുതായി നിർമ്മിക്കുകയോ പുനരുജ്ജീവിപ്പിക്കുകയോ ചെയ്തു.
- 35,800 ഹെക്ടറിലധികം അധിക ഭൂമിയിലേക്ക് സംരക്ഷിത ജലസേചനം എത്തിക്കാൻ സാധിച്ചു.
- ഇതിനകം 4.86 ലക്ഷത്തിലധികം കർഷകർക്ക് ഇതിന്റെ നേരിട്ടുള്ള ഗുണഫലങ്ങൾ ലഭിച്ചു കഴിഞ്ഞു.

## WDC-PMKSY 2.0 എന്ന പുതിയ തലമുറ പദ്ധതി

'ജലമാണ് ജീവന്റെ രക്തം, അതിനെ മണ്ണിൽ സൂക്ഷിക്കുന്നത് നാളത്തെ തലമുറയ്ക്കുള്ള നിക്ഷേപമാണ്.'

2021 മുതൽ 2026 വരെയുള്ള അഞ്ച് വർഷത്തെ കാലയളവിലേക്ക് വിഭാവനം ചെയ്ത ഈ പദ്ധതി കേവലം കയ്യാല കെട്ടലോ കല്ലുവെട്ടലോ മാത്രമല്ല; മറിച്ച് പരിസ്ഥിതിയും (Ecology), സമ്പദ്ഘടനയും (Economy), സമത്വവും (Equity) ഒരുപോലെ കോർത്തിണക്കുന്ന 'സുസ്ഥിര നീർത്തട വികസന' മാതൃകയാണ്.

## പദ്ധതിയുടെ പുതിയ സവിശേഷതകൾ

1. കുറഞ്ഞ കാലാവധി (3-5 Years): മുൻപ് 7 വർഷം വരെ നീണ്ടുനിന്നിരുന്ന പദ്ധതി കാലാവധി 3 മുതൽ 5 വർഷമായി ചുരുക്കി വേഗത്തിൽ ഫലം ലഭ്യമാക്കുന്നു.
2. ആധുനിക സാങ്കേതികവിദ്യ (GIS & Remote Sensing): ഭൂപട നിർമ്മാണത്തിനും, സാറ്റലൈറ്റ് ചിത്രങ്ങൾ വഴി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും ജി.ഐ.എസ് സാങ്കേതികവിദ്യ നിർബന്ധമാക്കി.
3. നീരുറവകളുടെ പുനരുജ്ജീവനം (Springshed Development): നിതി ആയോഗിന്റെ (NITI Aayog) പ്രത്യേക ശുപാർശപ്രകാരം, വറ്റിവരണ്ടുപോകുന്ന പ്രകൃതിദത്ത നീരുറവകളെ കണ്ടെത്തി പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനം ഈ ഘട്ടത്തിലെ വലിയൊരു പ്രത്യേകതയാണ്. ഇന്ത്യയിലാകെ 4,500-ലധികം നീരുറവകൾ ഇതിനകം ഈ പദ്ധതിയിലൂടെ വീണ്ടെടുത്തു കഴിഞ്ഞു.

## കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കേരളത്തിൽ സംസ്ഥാന നീർത്തട നോഡൽ ഏജൻസി (SLNA) യുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും നേതൃത്വത്തിലാണ് ഈ പദ്ധതി കോർഡിനേറ്റ് ചെയ്യുന്നത്. പ്രധാനമായും മൂന്ന്



ഘടകങ്ങളിലൂടെയാണ് പദ്ധതി തുക വിനിയോഗിക്കുന്നത്:

1. പ്രകൃതിവിഭവ സംരക്ഷണം (Natural Resource Management - NRM) (കയ്യാലകൾ, മഴക്കുഴികൾ, തടയണകൾ, കിണർ റീചാർജ്ജിംഗ്)

2.ഉൽപ്പാദന സമ്പ്രദായങ്ങളുടെ മെച്ചപ്പെടുത്തൽ (Production System) (സംയോജിത കൃഷി, ജൈവകൃഷി, മൃഗസംരക്ഷണം, ഫിഷറീസ്)

3.ഉപജീവന മാർഗ്ഗങ്ങൾ രൂപീകരിക്കൽ (Livelihood Component - 15% Fund)

(ഭൂമിയില്ലാത്തവർക്കും സ്ത്രീകൾക്കുമായി സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കൽ)

## തദ്ദേശ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഈ പദ്ധതിയുടെ വിജയത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം. വാർഡ് മെമ്പർമാരും വികസന സമിതികളും വിചാരിച്ചാൽ മാത്രമേ ഈ പദ്ധതിയുടെ ഗുണം ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കൂ.

### 1. ജനപങ്കാളിത്തം ഉറപ്പാക്കൽ (Neighbourhood Groups)

നീർത്തട പരിധിയിൽ വരുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തലത്തിൽ 'വാട്ടർഷെഡ് കമ്മിറ്റികൾ' രൂപീകരിക്കണം. ഗ്രാമസഭകളിൽ നീർത്തട വികസനത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തണം.

### 2. തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം (MGNREGS Convergence)

WDC ഫണ്ടിനൊപ്പം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടി സംയോജിപ്പിച്ചാൽ വാർഡുകളിൽ വലിയ തോതിൽ ആസ്തികൾ സൃഷ്ടിക്കാൻ കഴിയും. കയ്യാലകൾ നിർമ്മിക്കുക, തോടുകൾ പുനരുദ്ധരിക്കുക എന്നിവ തൊഴിലുറപ്പിലൂടെയും, അതിനുള്ള സാങ്കേതിക സഹായവും തൈകളും മറ്റും PMKSY ഫണ്ടിലൂടെയും നൽകാം.

### 3. കാർഷിക ഉൽപ്പാദക കമ്പനികളുടെ രൂപീകരണം (FPOs)

പദ്ധതി പ്രദേശത്തെ കർഷകരെ കോർത്തിണക്കി കാർഷിക ഉൽപ്പാദക കമ്പനികൾ (Farmer Producer Organisations (FPO)) രൂപീകരിക്കാൻ വാർഡ് തലത്തിൽ മുൻകൈ എടുക്കണം. ഇതുവഴി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും എളുപ്പമാകും.

### 4. സുസ്ഥിര ആസ്തി പരിപാലനം (Sustainability)

പദ്ധതി കാലയളവ് കഴിഞ്ഞാൽ നിർമ്മിച്ച തടയണകളും ജലസംഭരണികളും പരിപാലിക്കേണ്ട

ചുമതല അതത് ഗ്രാമപഞ്ചായത്തുകൾക്കാണ്. ഇതിനായി ഉപയോക്താക്കളിൽ നിന്ന് ചെറിയ വിഹിതം സ്വീകരിച്ച് ഒരു (WDF) രൂപീകരിച്ചിട്ടുണ്ട്.

## 'നാം പ്രകൃതിയെ സംരക്ഷിച്ചാൽ പ്രകൃതി നമ്മെയും സംരക്ഷിക്കും.'

മഴവെള്ളത്തെ മണ്ണിൽ താഴ്ത്തിയും കർഷകന് തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ അവസരമൊരുക്കിയും മാത്രമേ കേരളത്തിന് വരാനിരിക്കുന്ന കടുത്ത വേനലുകളെയും കാലാവസ്ഥാ വ്യതിയാനങ്ങളെയും അതിജീവിക്കാൻ സാധിക്കൂ. WDC-PMKSY 2.0 എന്നത് വെറുമൊരു സർക്കാർ ഗ്രാന്റല്ല, മറിച്ച് നമ്മുടെ പരിസ്ഥിതിയെയും ജനങ്ങളുടെ സാമ്പത്തികാവസ്ഥയെയും മാറ്റിമറിക്കാൻ പോകുന്ന ഒരു ജനകീയ പ്രസ്ഥാനമാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കർഷകരും കൈകോർത്ത് നിന്നാൽ ഈ പദ്ധതിയിലൂടെ ഓരോ വാർഡിനെയും ഓരോ സൂക്ഷ്മ നീർത്തടത്തെയും സ്വയംപര്യാപ്തവും ഹരിതാഭവുമായ സുരക്ഷിത മേഖലകളാക്കി മാറ്റാൻ നമുക്ക് സാധിക്കും.

കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിലുള്ള ലാൻഡ് റിസോഴ്സസ് വകുപ്പ് (DoLR) രാജ്യവ്യാപകമായി സംഘടിപ്പിച്ച 'നീർത്തട മഹോത്സവ'ത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച അതിപ്രധാനമായ ഒരു ജനകീയ കാമ്പെയ്നാണ് 'മിഷൻ നീർത്തട പുനരുത്ഥാൻ' (Mission Watershed Punarutthan). "ജലസുരക്ഷയാണ് ദേശീയ സുരക്ഷ" എന്ന ആപ്തവാക്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള ഈ മിഷൻ, പ്രധാനമായും പരമ്പരാഗത ജലസ്രോതസ്സുകളുടെയും മുൻകാലങ്ങളിൽ നിർമ്മിച്ച ആസ്തികളുടെയും പുനരുജ്ജീവനം, ജലസംഭരണ സംവിധാനങ്ങളുടെ ആധുനികീകരണം എന്നിവയിലാണ് ഊന്നൽ നൽകുന്നത്.

WDC-PMKSY 2.0 പദ്ധതിയുടെ സുസ്ഥിരമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പ്രാദേശിക സമൂഹങ്ങളുടെ സജീവ പങ്കാളിത്തവും (Janbhagidari), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) പോലുള്ള മറ്റ് കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സംയോജനവും (Convergence) ഈ മിഷൻ ഉറപ്പുനൽകുന്നു. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ തക്കവണ്ണം രാജ്യത്തെ ജലക്ഷാമമുള്ള പ്രദേശങ്ങളെ ജലസമൃദ്ധമായ ഹരിതഭൂമികളാക്കി മാറ്റാനും ഗ്രാമീണ ജനതയ്ക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ ഒരുക്കാനും ലക്ഷ്യമിടുന്ന ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വാർഡ് മെമ്പർമാർക്കും വലിയ തോതിലുള്ള പ്രവർത്തന സാധ്യതകളാണ് തുറന്നുനൽകുന്നത്.

'ഭൂമി നമ്മുടെ പൂർവ്വികരിൽ നിന്നുള്ള സമ്പാദ്യമല്ല, മറിച്ച് നമ്മുടെ കുട്ടികളിൽ നിന്ന് കടമെടുത്ത ഒന്നാണ്.'

\- മഹാത്മാഗാന്ധി



# പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY)
# ഫണ്ട് വിഹിതവും കൈമാറ്റ രീതിയും

ഭാരതത്തിലെ ജലസേചന ശൃംഖല വ്യാപിപ്പിക്കുന്നതിനും ("ഹർ ഖേത് കോ പാനി" - എല്ലാ പാടങ്ങൾക്കും വെള്ളം), കൃഷിയിടങ്ങളിലെ ജലവിനിയോഗ ക്ഷമത വർദ്ധിപ്പിക്കുന്നതിനും ("പെർ ഡ്രോപ്പ് മോർ ക്രോപ്പ്' - ഓരോ തുള്ളി ജലത്തിലും കൂടുതൽ വിളവ്) വേണ്ടി 2015-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച മുൻനിര പദ്ധതിയാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY). ഈ പദ്ധതിയുടെ വൻതോതിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കൃത്യവും സുതാര്യവുമായ ഒരു സാമ്പത്തിക വികേന്ദ്രീകരണ സംവിധാനം ആവശ്യമാണ്.

കാലാകാലങ്ങളായുള്ള പരിഷ്കരണങ്ങളിലൂടെ, PMKSY പദ്ധതിയുടെ സാമ്പത്തിക നടത്തിപ്പ് പരമ്പരാഗത ബജറ്റ് വിഹിതങ്ങളിൽ നിന്ന് മാറി, ഡിജിറ്റൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സുതാര്യവും സമയബന്ധിതവുമായ ഫണ്ട് കൈമാറ്റ രീതിയിലേക്ക് മാറിയിട്ടുണ്ട്.



## ഫണ്ട് പങ്കിടൽ മാതൃകയും ഘടനയും

കേന്ദ്രാവിഷ്കൃത പദ്ധതി (Centrally Sponsored Scheme) എന്ന നിലയിൽ, PMKSY-യുടെ സാമ്പത്തിക ചിലവുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് വഹിക്കുന്നത്. ഫണ്ട് വിഹിതം താഴെ പറയുന്ന അനുപാതത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്:

| സംസ്ഥാനങ്ങളുടെ വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| പൊതുവിഭാഗം സംസ്ഥാനങ്ങൾ (കേരളം ഉൾപ്പെടെ) | 60% | 40% |
| വടക്ക്-കിഴക്കൻ & ഹിമാലയൻ സംസ്ഥാനങ്ങൾ | 90% | 10% |
| കേന്ദ്രഭരണ പ്രദേശങ്ങൾ (UTs) | 100% | 0% |

## വിവിധ ഘടകങ്ങൾക്കുള്ള ഫണ്ട് വിഹിതം

ജലസേചന മേഖലയുടെ വ്യത്യസ്ത ആവശ്യങ്ങൾക്കായി താഴെ പറയുന്ന മന്ത്രാലയങ്ങൾ വഴിയാണ് ഫണ്ട് വിനിയോഗിക്കുന്നത്:

ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (AIBP): വൻകിട-ഇടത്തരം കനാൽ ജലസേചന അടിസ്ഥാന സൗകര്യങ്ങൾ വേഗത്തിലാക്കാൻ ജലശക്തി മന്ത്രാലയം വഴിയാണ് ഇത് നടപ്പിലാക്കുന്നത്.

ഹർ ഖേത് കോ പാനി (HKKP): മൈനർ ഇറിഗേഷൻ പദ്ധതികൾ, പരമ്പരാഗത ജലാശയങ്ങളുടെ പുനരുദ്ധാരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

പെർ ഡ്രോപ്പ് മോർ ക്രോപ്പ് (PDMC): തുള്ളിനന (Drip), തളനന (Sprinkler) തുടങ്ങിയ സൂക്ഷ്മ ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിലൂടെ ചെറുകിട-നാമമാത്ര കർഷകർക്ക് ഉയർന്ന സബ്സിഡി (55% വരെ) ലഭ്യമാക്കുന്നു. . തുടക്കത്തിൽ PMKSY-യുടെ കീഴിലായിരുന്ന ഈ പദ്ധതി, പിന്നീട് ഫീൽഡ് തലത്തിൽ കൂടുതൽ മെച്ചപ്പെട്ട ഏകോപനത്തിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി (RKVY) സംയോജിപ്പിച്ചു

## 2. ഫണ്ട് വിതരണ ഘടന (Institutional Fund Flow)

ഫണ്ടുകൾ ഇടനില ബാങ്ക് അക്കൗണ്ടുകളിൽ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാനും കൃത്യസമയത്ത് ലഭ്യമാക്കാനും, പദ്ധതിയുടെ ഫണ്ട് പ്രവാഹം പൂർണ്ണമായും പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

(PFMS), സിംഗിൾ നോഡൽ ഏജൻസി (SNA) മാതൃക എന്നിവയിലൂടെയാണ് നിയന്ത്രിക്കുന്നത്.

[കേന്ദ്ര മന്ത്രാലയം]

↓ (PFMS വഴി 'മദർ സാങ്ഷൻ' നൽകുന്നു)

[സംസ്ഥാന ട്രഷറി / SLS അക്കൗണ്ട് (RBI e-Kuber)]

↓ (സംസ്ഥാനത്തിന്റെ 40% വിഹിതം ഇതിനോടൊപ്പം ചേർക്കുന്നു)

[സിംഗിൾ നോഡൽ ഏജൻസി (SNA) അക്കൗണ്ട്]

↓ (ആവശ്യാനുസരണം പണം പിൻവലിക്കാവുന്ന സീറോ-ബാലൻസ് സബ്-അക്കൗണ്ടുകൾ)

[കർഷകരുടെ / വെണ്ടർമാരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ടുള്ള ഡി.ബി.ടി (DBT) കൈമാറ്റം]

## ഫണ്ട് അനുവദിക്കുന്ന രീതി (ഘട്ടം ഘട്ടമായി)

1. വാർഷിക കർമ്മപദ്ധതി (AAP): സംസ്ഥാന കൃഷി, ജലവിഭവ വകുപ്പുകൾ ചേർന്ന് ജില്ലാ ജലസേചന പദ്ധതികൾ (DIP) തയ്യാറാക്കുന്നു. ഇവ ക്രോഡീകരിച്ച് സംസ്ഥാനതല സമിതി (SLSC) അംഗീകാരം നൽകുന്നു.
2. 'മദർ സാങ്ഷൻ' (Mother Sanction): പദ്ധതിക്ക് അംഗീകാരം ലഭിച്ചാലുടൻ കേന്ദ്ര മന്ത്രാലയം PFMS വഴി ഡിജിറ്റൽ അനുമതി പത്രം (Mother Sanction) പുറപ്പെടുവിക്കുന്നു. ഇത് ആ സാമ്പത്തിക വർഷം സംസ്ഥാനത്തിന് വിനിയോഗിക്കാവുന്ന തുകയുടെ പരിധി നിശ്ചയിക്കുന്നു.
3. സംസ്ഥാന വിഹിതം ലഭ്യമാക്കൽ: കേന്ദ്ര വിഹിതം റിസർവ് ബാങ്കിന്റെ 'ഇ-കുബേർ' (e-Kuber) പ്ലാറ്റ് ഫോമിലുള്ള സംസ്ഥാന അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടും. ഇതിന് പിന്നാലെ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ (സാധാരണയായി 15 മുതൽ 30 ദിവസത്തിനകം) സംസ്ഥാന സർക്കാർ തങ്ങളുടെ വിഹിതവും (ഉദാഹരണത്തിന് 40%) ചേർത്ത് 'സിംഗിൾ നോഡൽ ഏജൻസി' (SNA) അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്.

## 3. ജസ്റ്റ്-ഇൻ-ടൈം (Just-in-Time) ഫണ്ട് കൈമാറ്റ രീതി

ഫണ്ട് വിനിയോഗത്തിൽ പരമാവധി സുതാര്യത ഉറപ്പാക്കാൻ, കേന്ദ്ര PFMS-ഉം സംസ്ഥാനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് സിസ്റ്റങ്ങളും (IFMIS) ആർ.ബി.ഐ-യുമായി സംയോജിപ്പിച്ചുള്ള SNA-SPARSH സംവിധാനമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

സീറോ-ബാലൻസ് സബ്-അക്കൗണ്ടുകൾ: ജില്ലാ-ബ്ലോക്ക് തലങ്ങളിലുള്ള നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ പണം മുൻകൂട്ടി കെട്ടിക്കിടക്കുന്ന രീതി ഇതിലൂടെ ഇല്ലാതാകുന്നു. പകരം, പ്രധാന SNA അക്കൗണ്ടുമായി ബന്ധിപ്പിച്ച 'സീറോ-ബാലൻസ്' (പണമില്ലാത്ത) സബ്-അക്കൗണ്ടുകളാണ് ഇവർക്ക് നൽകുന്നത്.

ആവശ്യാനുസരണം മാത്രം പണം കൈമാറൽ: ഒരു പ്രവൃത്തി പൂർത്തിയായി കൃത്യമായ ബിൽ സമർപ്പിക്കുന്ന നിമിഷം മാത്രമാണ് സംസ്ഥാന ട്രഷറിയിൽ നിന്നും ഫണ്ട് ഈ അക്കൗണ്ടുകളിലേക്ക് എത്തുന്നത്. ഇത് വഴി പണം വെറുതെ കിടക്കുന്നത് ഒഴിവാക്കാം.

## 4. കർഷകരിലേക്ക് നേരിട്ടുള്ള ഫണ്ട് കൈമാറ്റം (Direct Benefit Transfer - DBT)

'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' (PDMC) പോലുള്ള ഘടകങ്ങളിൽ കർഷകർക്ക് നേരിട്ട് സബ്സിഡി നൽകുന്നതിന് കർശനമായ ഡി.ബി.ടി (DBT) നിയമങ്ങളാണ് പാലിക്കുന്നത്:

ആധാർ അധിഷ്ഠിത രജിസ്ട്രേഷൻ: ഗുണ ഭോക്താക്കളായ കർഷകർ തങ്ങളുടെ ആധാർ, ഭൂനികുതി രസീത്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം സംസ്ഥാന PMKSY പോർട്ടലിൽ രജിസ്റ്റർ ചെയ്യണം.

സ്ഥലപരിശോധനയും ജിയോ-ടാഗിംഗും: കർഷകന്റെ ഭൂമിയിൽ തുള്ളിനന/തളിനന സംവിധാനം സ്ഥാപിച്ച ശേഷം ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി ജിയോ-ടാഗ് ചെയ്ത ഫോട്ടോകൾ അപ്‌ലോഡ് ചെയ്യുമ്പോൾ മാത്രമേ സബ്സിഡി തുക അനുവദിക്കൂ.

നേരിട്ടുള്ള അക്കൗണ്ട് കൈമാറ്റം: അംഗീകരിക്കപ്പെട്ട സബ്സിഡി തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കോ അല്ലെങ്കിൽ കർഷകൻ അനുമതി പത്രം നൽകിയിട്ടുണ്ടെങ്കിൽ ജലസേചന സാമഗ്രികൾ വിതരണം ചെയ്ത അംഗീകൃത കമ്പനിയുടെ (Vendor) അക്കൗണ്ടിലേക്കോ നേരിട്ട് കൈമാറുന്നു. ഇത് ഇടനിലക്കാരുടെ ചൂഷണം പൂർണ്ണമായി ഇല്ലാതാക്കുന്നു.

## പ്രധാന പ്രവർത്തന നിബന്ധന

പദ്ധതിയുടെ മുൻ ഗഡുക്കളായി ലഭിച്ച തുകയുടെ (കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ) കുറഞ്ഞത് 75 ശതമാനമെങ്കിലും കൃത്യമായി വിനിയോഗിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (UC) സമർപ്പിച്ചാൽ മാത്രമേ സംസ്ഥാനങ്ങൾക്ക് അടുത്ത ഗഡു കേന്ദ്ര ഫണ്ട് അനുവദിക്കുകയുള്ളൂ.

# പതിനാറാം ധനകാര്യ കമ്മീഷനും തദ്ദേശ സ്വയംഭരണവും



ഇന്ത്യൻ ഭരണഘടനയിലെ 73, 74 ഭേദഗതികളിലൂടെയാണ് യഥാക്രമം ഗ്രാമീണ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ പദവി ലഭിച്ചത്. ഈ ഭേദഗതികളിലൂടെ വികേന്ദ്രീകൃത ഭരണസംവിധാനത്തിന് നിയമപരമായ അടിത്തറ ലഭിച്ചതോടൊപ്പം, തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ശാക്തീകരണവും ഭരണപരമായ സ്വയംപര്യാപ്തതയും ഉറപ്പാക്കേണ്ട ഉത്തരവാദിത്തം കൂടുതൽ വ്യക്തമായി നിർവചിക്കപ്പെട്ടു. ഇതിന്റെ പശ്ചാത്തലത്തിലാണ് പിന്നീട് രൂപീകരിക്കപ്പെട്ട ഓരോ ധനകാര്യ കമ്മീഷനും കേന്ദ്ര നികുതി വരുമാനത്തിൽ നിന്നുള്ള വിഹിതം, കേന്ദ്ര ഗ്രാന്റുകളുടെ ഘടന, തദ്ദേശ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനം വർധിപ്പിക്കാനുള്ള മാർഗങ്ങൾ, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പങ്ക് എന്നിവ സംബന്ധിച്ച് വിശദമായ ശുപാർശകൾ മുന്നോട്ടുവച്ചത്.

തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങളും പ്രവർത്തനശേഷിയും ഉറപ്പാക്കേണ്ട പ്രഥമ ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകൾക്കാണെന്ന് പതിനാറാം ധനകാര്യ കമ്മീഷൻ വീണ്ടും ഊന്നിപ്പറയുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന ഗ്രാന്റുകൾ സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തത്തെ പകരംവയ്ക്കുന്നതല്ല; മറിച്ച് അതിനെ ശക്തിപ്പെടുത്തുന്ന പൂരക സംവിധാനമായാണ് കമ്മീഷൻ അവയെ കാണുന്നത്. അതുകൊണ്ടുതന്നെ സാമ്പത്തിക സഹായം വർധിപ്പിക്കുന്നതിനൊപ്പം സുതാര്യത, ഉത്തരവാദിത്തം, പ്രകടനം, പ്രാദേശിക ആസൂത്രണം എന്നിവയ്ക്കും തുല്യ പ്രാധാന്യം നൽകുന്ന സമീപനമാണ് റിപ്പോർട്ടിന്റെ മുഖ്യ സവിശേഷത.

## ഗ്രാന്റുകളുടെ അളവും വിതരണവും

2026-27 മുതൽ 2030-31 വരെയുള്ള അവാർഡ് കാലയളവിൽ ഗ്രാമീണ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ആകെ 7,91,493 കോടി രൂപ ഗ്രാന്റായി നൽകാനാണ് പതിനാറാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ മേഖലയ്ക്കായി ഇതുവരെ ശുപാർശ ചെയ്തതിൽ ഏറ്റവും വലിയ ധനസഹായമാണിത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകളെ അപേക്ഷിച്ച് ഇത് ഏകദേശം 116 ശതമാനം വർധന രേഖപ്പെടുത്തുന്നു. മൊത്തം ഗ്രാന്റിൽ 60 ശതമാനം ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്കും 40 ശതമാനം നഗര തദ്ദേശ സ്ഥാപനങ്ങൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. ഗ്രാമീണ സ്ഥാപനങ്ങൾക്ക് ഏകദേശം 4,35,236 കോടി രൂപയും നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് 3,56,257 കോടി രൂപയുമാണ് ലഭിക്കുക. രാജ്യത്ത് വർധിച്ചുവരുന്ന നഗരവൽക്കരണം, 2031-ഓടെ നഗരജനസംഖ്യ 40.73 ശതമാനത്തിലെത്തുമെന്ന കണക്ക്, നഗരപ്രദേശങ്ങളിലെ ഉയർന്ന സേവന ചെലവ് എന്നിവ പരിഗണിച്ചാണ് നഗര സ്ഥാപനങ്ങളുടെ വിഹിതം ഗണ്യമായി വർധിപ്പിച്ചിരിക്കുന്നത്.

നഗര തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിൽ പതിനഞ്ചാം ധനകാര്യ കമ്മീഷനെ അപേക്ഷിച്ച് 230 ശതമാനം വർധന രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും ശ്രദ്ധേയമായ മാറ്റം അൺടൈഡ് ഗ്രാന്റുകളിലാണ്. മുൻ കമ്മീഷനെ അപേക്ഷിച്ച് 455 ശതമാനം വർധനയോടെ ഏകദേശം 1.84 ലക്ഷം കോടി രൂപ അൺടൈഡ് ഗ്രാന്റായി വകയിരുത്തിയിരിക്കുന്നു. പ്രാദേശിക ആവശ്യങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതിലൂടെ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ലഭിക്കും.

## ഗ്രാന്റുകളുടെ ഘടന

ഗ്രാമീണവും നഗരവുമായ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ ഒരേ മാതൃകയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ആകെ ഗ്രാന്റിന്റെ 80 ശതമാനം അടിസ്ഥാന (Basic) ഗ്രാന്റും, 20 ശതമാനം പ്രകടന (Performance) ഗ്രാന്റുമാണ്. അടിസ്ഥാന ഗ്രാന്റ് എല്ലാ അർഹമായ തദ്ദേശ സ്ഥാപനങ്ങൾക്കും ലഭ്യമാകുന്ന അടിസ്ഥാന സാമ്പത്തിക പിന്തുണയാണ്. പ്രകടന ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരുകളുടെയും കാര്യക്ഷമതയും സാമ്പത്തിക അച്ചടക്കവും വിലയിരുത്തിയാണ് അനുവദിക്കുക. പ്രകടന ഗ്രാന്റ് വീണ്ടും രണ്ട് തുല്യ ഘടകങ്ങളായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തേത് തദ്ദേശ സ്ഥാപനങ്ങളുടെ സ്വന്തം പ്രകടനത്തെയും രണ്ടാമത്തേത്

> **ആകെ ഗ്രാന്റിന്റെ 80 ശതമാനം അടിസ്ഥാന (Basic) ഗ്രാന്റും, 20 ശതമാനം പ്രകടന (Performance) ഗ്രാന്റുമാണ്. പ്രകടന ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരുകളുടെയും കാര്യക്ഷമതയും സാമ്പത്തിക അച്ചടക്കവും വിലയിരുത്തിയാണ് അനുവദിക്കുക.**

സംസ്ഥാനങ്ങൾ തദ്ദേശ സ്ഥാപനങ്ങളോട് പുലർത്തുന്ന സാമ്പത്തിക ഉത്തരവാദിത്തത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്.

നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രകടന ഗ്രാന്റ് അവാർഡ് കാലയളവിന്റെ രണ്ടാം വർഷം മുതൽ ലഭ്യമാകുമ്പോൾ, ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്ക് അത് മൂന്നാം വർഷം മുതലാണ് ബാധകമാകുന്നത്. ഇതിനിടയിൽ ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും അക്കൗണ്ടിംഗ്, വരുമാന സമാഹരണം, ആസൂത്രണം എന്നിവ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ സമയം ലഭിക്കുമെന്ന സമീപനമാണ് കമ്മീഷൻ സ്വീകരിച്ചിരിക്കുന്നത്.

അടിസ്ഥാന ഗ്രാന്റിന്റെ 50 ശതമാനം കുടിവെള്ള വിതരണത്തിനും ശുചിത്വ-ഖരമാലിന്യ സംസ്കരണത്തിനുമായി മാത്രം ചെലവഴിക്കേണ്ട ടൈഡ് ഗ്രാന്റായിരിക്കും. ശേഷിക്കുന്ന 50 ശതമാനം അടിസ്ഥാന ഗ്രാന്റും മുഴുവൻ പ്രകടന ഗ്രാന്റും അൺടൈഡ് വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രാദേശിക വികസന മുൻഗണനകൾക്കനുസരിച്ച് ഈ തുക വിനിയോഗിക്കാൻ കഴിയും. ഇതോടെ ആകെ ഗ്രാന്റിന്റെ 52 ശതമാനവും അൺടൈഡ് വിഭാഗത്തിലായി. മുൻ ധനകാര്യ കമ്മീഷൻ കാലയളവിലെ 21 ശതമാനത്തിൽ നിന്ന് വലിയ വർധനയാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ ഈ സ്വാതന്ത്ര്യത്തിനും ചില നിയന്ത്രണങ്ങളുണ്ട്. അൺടൈഡ് ഗ്രാന്റിന്റെ 20 ശതമാനത്തിൽ കൂടുതൽ റോഡ് നിർമാണത്തിനും പരിപാലനത്തിനും ചെലവഴിക്കാനാവില്ല. അതുപോലെ ശമ്പളം, ഓഫീസ് നടത്തിപ്പ് തുടങ്ങിയ ഭരണച്ചെലവുകൾക്കും ഈ ഗ്രാന്റ് ഉപയോഗിക്കാൻ അനുവാദമില്ല. വികസന പ്രവർത്തനങ്ങൾക്കായാണ് ഇത് പ്രധാനമായും വിനിയോഗിക്കപ്പെടേണ്ടതെന്ന സമീപനമാണ് കമ്മീഷൻ സ്വീകരിച്ചിരിക്കുന്നത്.

## കുടിവെള്ള വിതരണത്തിനും ശുചിത്വത്തിനും പ്രത്യേക പ്രാധാന്യം

പതിനാറാം ധനകാര്യ കമ്മീഷന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിലൊന്നാണ് തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാന സേവനങ്ങളായ കുടിവെള്ള വിതരണത്തിനും ശുചിത്വത്തിനും നൽകിയിരിക്കുന്ന പ്രത്യേക പ്രാധാന്യം. അടിസ്ഥാന ഗ്രാന്റിന്റെ പകുതി നിർബന്ധമായും ഈ മേഖലകളിൽ ചെലവഴിക്കണമെന്ന വ്യവസ്ഥയിലൂടെ കുടിവെള്ള സുരക്ഷയും ശുചിത്വ സംവിധാനങ്ങളും രാജ്യത്തു



ടനീളം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നത്. മഴവെള്ള സംഭരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, ജല പുനരുപയോഗം, ഗ്രാമീണ പൈപ്പ് കുടിവെള്ള പദ്ധതികളുടെ പ്രവർത്തന-പരിപാലന ചെലവുകൾ, ഖരമാലിന്യവും ദ്രവമാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയ്ക്കെല്ലാം ഈ ടൈഡ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

കുടിവെള്ള വിതരണ രംഗത്ത് കഴിഞ്ഞ കമ്മീഷൻ കാലയളവിൽ രാജ്യം കൈവരിച്ച പുരോഗതി കമ്മീഷൻ പ്രത്യേകം വിലയിരുത്തുന്നുണ്ട്. 2019 ഓഗസ്റ്റിൽ പദ്ധതി ആരംഭിക്കുമ്പോൾ രാജ്യത്തെ ഗ്രാമീണ കുടുംബങ്ങളിൽ വെറും 17 ശതമാനത്തിനാണ് (3.23 കോടി കുടുംബങ്ങൾ) വീടുകളിൽ ടാപ്പ് വെള്ള കണക്ഷൻ ഉണ്ടായിരുന്നത്. 2025 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 19.36 കോടി ഗ്രാമീണ കുടുംബങ്ങളിൽ 15.56 കോടി കുടുംബങ്ങൾക്കും അതായത് 80.38 ശതമാനത്തിനും ടാപ്പ് വെള്ള ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ ഈ മുന്നേറ്റം കൂടുതൽ ശ്രദ്ധേയമാണ്. ഉദാഹരണത്തിന്, മഹാരാഷ്ട്രയിൽ 2019-ൽ 33 ശതമാനമായിരുന്ന കവറേജ് 2025 മാർച്ചോടെ 89.38 ശതമാനമായി ഉയർന്നു.

> **അടിസ്ഥാന ഗ്രാന്റിന്റെ 50 ശതമാനം കുടിവെള്ള വിതരണത്തിനും ശുചിത്വ-ഖരമാലിന്യ സംസ്കരണത്തിനുമായി മാത്രം ചെലവഴിക്കേണ്ട ടൈഡ് ഗ്രാന്റായിരിക്കും. ശേഷിക്കുന്ന 50 ശതമാനം അടിസ്ഥാന ഗ്രാന്റും മുഴുവൻ പ്രകടന ഗ്രാന്റും അൺടൈഡ് വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.**

2025-26 കേന്ദ്ര ബജറ്റിൽ ജൽ ജീവൻ മിഷൻ 2028 വരെ ദീർഘിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇനി മുതൽ കൂടുതൽ ശ്രദ്ധ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, പദ്ധതികളുടെ ദീർഘകാല പരിപാലനത്തിനും, 'ജൻ ഭാഗിദാരി' എന്ന ജനപങ്കാളിത്ത സമീപനം ശക്തിപ്പെടുത്തുന്നതിനുമായിരിക്കും. ധനകാര്യ കമ്മീഷന്റെ ശുപാർശകളും ഇതേ സമീപനത്തെ പിന്തുണയ്ക്കുന്നതാണ്. ഗ്രാമീണ കുടിവെള്ള പദ്ധതികൾ നിർമ്മിക്കുന്നതിൽ മാത്രം ഒതുങ്ങാതെ അവ ദീർഘകാലം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാമ്പത്തിക പിന്തുണയും ഇതിലൂടെ ഉറപ്പാക്കുന്നു.

## മാലിന്യ സംസ്കരണവും ശുചിത്വ സംവിധാനങ്ങളും

ടൈഡ് ഗ്രാന്റിന്റെ മറ്റൊരു പ്രധാന ലക്ഷ്യം ശുചിത്വവും മാലിന്യ സംസ്കരണവുമാണ്. ഗാർഹിക ഖരമാലിന്യം, ദ്രവമാലിന്യം, മനുഷ്യ വിസർജ്യത്തിന്റെ (Fecal Sludge) ശാസ്ത്രീയ സംസ്കരണം, മലിനീകരണ നിയന്ത്രണം, പൊതുശുചിത്വം എന്നിവയ്ക്കായി തദ്ദേശ സ്ഥാപനങ്ങൾ ഈ ഗ്രാന്റ് വിനിയോഗിക്കണമെന്ന് കമ്മീഷൻ നിർദേശിക്കുന്നു. സ്വച്ഛ് ഭാരത് മിഷൻ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി രാജ്യം തുറസ്സായ മലമൂത്ര വിസർജന വിമുക്ത (ODF) നില കൈവരിച്ചതായി പ്രഖ്യാപിച്ചിരുന്നു. 2019 ഒക്ടോബർ 2-ന് രാജ്യത്തെ എല്ലാ ഗ്രാമങ്ങളും ODF ആയി പ്രഖ്യാപിക്കപ്പെട്ടതോടെ രണ്ടാം ഘട്ടത്തിൽ ഈ നേട്ടം നിലനിർത്തുകയും ODF പ്ലസ് മാതൃകയിലേക്ക് ഗ്രാമങ്ങളെ ഉയർത്തുകയുമെന്ന ലക്ഷ്യം ഏറ്റെടുത്തു. ഇതിനായി നാല് വർഷത്തിനിടെ 1.43 കോടി പുതിയ വ്യക്തിഗത ഗാർഹിക കക്കൂസുകൾ നിർമ്മിക്കപ്പെട്ടു.

നഗര മേഖലയിലും ശുചിത്വത്തിനും മാലിന്യ സംസ്കരണത്തിനും സമാന പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. 'മാലിന്യരഹിത നഗരങ്ങൾ' എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നേറുന്നത്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (MRF), റീസൈക്ലിംഗ് യൂണിറ്റുകൾ, വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലൂടെ നഗരങ്ങളിലെ പ്രതിദിന ഖരമാലിന്യ സംസ്കരണ ശേഷി 1,05,876 ടൺ (TPD) വർധിപ്പിക്കാൻ കഴിഞ്ഞതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## നഗരവൽക്കരണത്തിന് പുതിയ പ്രോത്സാഹനം

ഇന്ത്യയിലെ അതിവേഗ നഗരവൽക്കരണവും നഗരാതിർത്തി പ്രദേശങ്ങളുടെ (Peri-Urban Areas) വികസനവും മുൻനിർത്തി പതിനാറാം ധനകാര്യ കമ്മീഷൻ നിരവധി പുതിയ സാമ്പത്തിക ഇടപെടലുകൾ നിർദേശിക്കുന്നു. അവയിൽ ഏറ്റവും ശ്രദ്ധേയമായത് നഗരവൽക്കരണ പ്രീമിയം (Urbanisation Premium) എന്ന പ്രത്യേക ഗ്രാന്റാണ്. ഇതിനായി 10,000 കോടി രൂപ വകയിരുത്താൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു. 2011-ലെ സെൻസസ് പ്രകാരം കുറഞ്ഞത് ഒരു ലക്ഷം ജനസംഖ്യയുള്ള നിലവിലുള്ള നഗര

തദ്ദേശ സ്ഥാപനങ്ങളുമായി ചേരുന്ന ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് 2,000 രൂപ വീതം ഒറ്റത്തവണ ഗ്രാന്റ് നൽകുകയാണ് ലക്ഷ്യം. എന്നാൽ ഈ ഗ്രാന്റ് ലഭിക്കുന്നതിന് സംസ്ഥാനങ്ങൾ വ്യക്തമായ ഗ്രാമ-നഗര പരിവർത്തന നയം (Rural-Urban Transition Policy) രൂപീകരിച്ചിരിക്കണം.

ഈ മേഖലയിൽ ഒഡിഷ സർക്കാർ 2023 ജൂണിൽ പ്രഖ്യാപിച്ച ഗ്രാമ-നഗര പരിവർത്തന നയം (Rural Urban Transition Policy) ഒരു മാതൃകയായി കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു. പെരി-അർബൻ മേഖലകളിൽ നഗര നിലവാരത്തിലുള്ള സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഘട്ടംഘട്ടമായി ഉറപ്പാക്കുന്നതിനുള്ള വ്യക്തമായ മാർഗനിർദേശങ്ങളാണ് ആ നയം മുന്നോട്ടുവയ്ക്കുന്നത്.

നഗര അടിസ്ഥാന സൗകര്യ വികസനത്തിനായി കമ്മീഷൻ മറ്റൊരു സുപ്രധാന ശുപാർശയും മുന്നോട്ടുവയ്ക്കുന്നു. 56,100 കോടി രൂപയുടെ പ്രത്യേക ഇൻഫ്രാസ്ട്രക്ചർ ഘടകം (Special Infrastructure Component) 10 ലക്ഷം മുതൽ 40 ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ സമഗ്രമായ മലിനജല സംസ്കരണ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ജലമലിനീകരണം കുറയ്ക്കുന്നതിനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും നഗര പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഈ നിക്ഷേപം സഹായകരമാകുമെന്നാണ് കമ്മീഷന്റെ വിലയിരുത്തൽ.

നഗരവൽക്കരണത്തിന്റെ സാമ്പത്തിക വെല്ലുവിളിയും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട്. ലോക ബാങ്ക് 2022-ൽ പ്രസിദ്ധീകരിച്ച പഠനമനുസരിച്ച്, 2036-ഓടെ ഇന്ത്യയിലെ വർധിച്ചുവരുന്ന നഗര ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നഗര അടിസ്ഥാന സൗകര്യങ്ങൾക്കും മുനിസിപ്പൽ സേവനങ്ങൾക്കുമായി ഏകദേശം 840 ബില്യൺ യുഎസ് ഡോളറിന്റെ മൂലധന നിക്ഷേപം ആവശ്യമായി വരും. ഈ സാഹചര്യത്തിലാണ് നഗര തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷി ഗണ്യമായി വർധിപ്പിക്കുന്നതിനുള്ള ശുപാർശകൾ പതിനാറാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവയ്ക്കുന്നത്.

## വ്യവസ്ഥകളും പ്രകടന മാനദണ്ഡങ്ങളും

പതിനാറാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർധിപ്പിക്കുന്നതിനൊപ്പം, സാമ്പത്തിക അച്ചടക്കത്തിനും സുതാര്യതയ്ക്കും പ്രകടനത്തിനും തുല്യ പ്രാധാന്യം നൽകുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഗ്രാന്റുകൾ യാന്ത്രികമായി അനുവദിക്കുന്നതിന് പകരം, സംസ്ഥാനങ്ങളും തദ്ദേശ സ്ഥാപനങ്ങളും പാലിക്കേണ്ട വ്യക്തമായ യോഗ്യതാ മാനദണ്ഡങ്ങളാണ് കമ്മീഷൻ നിർദേശിക്കുന്നത്.

അടിസ്ഥാന ഗ്രാന്റിന് അർഹത നേടുന്നതിന് മൂന്ന് പ്രധാന വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഒന്നാമതായി, ഭരണഘടനയുടെ ഭാഗം IX, IX-A എന്നിവ പ്രകാരം രൂപീകൃതമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടായിരിക്കണം. രണ്ടാമതായി, T-2 സാമ്പത്തിക വർഷത്തിലെ (രണ്ടു വർഷം മുൻപുള്ള സാമ്പത്തിക വർഷം) ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും T-1 സാമ്പത്തിക വർഷത്തിലെ (തൊട്ടു മുൻപുള്ള സാമ്പത്തിക വർഷം) താൽക്കാലിക കണക്കുകളും പൊതുഡൊമെയ്നിൽ ലഭ്യമാക്കിയിരിക്കണം. മൂന്നാമതായി, സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുകയും അതിന്റെ ശുപാർശകളിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുകയും ചെയ്തിരിക്കണം. ഈ വ്യവസ്ഥകളിലൂടെ സാമ്പത്തിക സുതാര്യതയും ഭരണപരമായ ഉത്തരവാദിത്തവും ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

അടിസ്ഥാന ഗ്രാന്റിനൊപ്പം പ്രകടന ഗ്രാന്റും കമ്മീഷൻ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്റെ പകുതി തദ്ദേശ സ്ഥാപനങ്ങളുടെ പ്രകടനത്തെയും ബാക്കി പകുതി സംസ്ഥാന സർക്കാരുകളുടെ പ്രകടനത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്. തദ്ദേശ സ്ഥാപനങ്ങളുടെ സ്വന്തം വരുമാനം (Own Source Revenue - OSR) വർധിപ്പിക്കൽ, നികുതി-നികുതിയേതര വരുമാന സമാഹരണം മെച്ചപ്പെടുത്തൽ, സാമ്പത്തിക മാനേജ്മെന്റിലെ കാര്യക്ഷമത എന്നിവ പ്രകടന വിലയിരുത്തലിലെ പ്രധാന ഘടകങ്ങളാണ്. നഗര തദ്ദേശ സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്വന്തം നികുതി വരുമാനത്തിൽ പ്രതിവർഷം അഞ്ച് ശതമാനം വളർച്ച കൈവരിക്കുന്നത് പ്രധാന മാനദണ്ഡങ്ങളിലൊന്നായി കമ്മീഷൻ നിർദേശിക്കുന്നു.

പ്രകടന ഗ്രാന്റിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. സ്വന്തം

> **അൺടൈഡ് ഗ്രാന്റിന്റെ 20 ശതമാനത്തിൽ കൂടുതൽ റോഡ് നിർമാണത്തിനും പരിപാലനത്തിനും ചെലവഴിക്കാനാവില്ല. അതുപോലെ ശമ്പളം, ഓഫീസ് നടത്തിപ്പ് തുടങ്ങിയ ഭരണച്ചെലവുകൾക്കും ഈ ഗ്രാന്റ് ഉപയോഗിക്കാൻ അനുവാദമില്ല.**




വരുമാനം വർധിപ്പിക്കുന്നതിനുള്ള വ്യക്തമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും പ്രാദേശിക നികുതി സംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത കമ്മീഷൻ ഊന്നിപ്പറയുന്നു. പ്രതിവർഷം പ്രതികുടുംബം 1,200 രൂപ എന്ന തോതിൽ സ്വന്തം വരുമാനം വർധിപ്പിക്കണമെന്ന ശുപാർശയും ഈ പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

## സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പങ്ക്

ഭരണഘടനയുടെ 243-I, 243-Y വകുപ്പുകൾ അനുസരിച്ച് ഓരോ സംസ്ഥാനവും നിശ്ചിത ഇടവേളകളിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ (State Finance Commission - SFC) രൂപീകരിക്കേണ്ടതാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള സാമ്പത്തിക വിഭവങ്ങളുടെ പങ്കുവെക്കൽ സംബന്ധിച്ച ശുപാർശകൾ നൽകുന്നതാണ് ഈ കമ്മീഷനുകളുടെ പ്രധാന ചുമതല.

എന്നാൽ വിവിധ സംസ്ഥാനങ്ങളിലെ എസ്.എഫ്.സി. റിപ്പോർട്ടുകൾ സമീപനത്തിലും ഗുണനിലവാരത്തിലും വലിയ വ്യത്യാസം പുലർത്തുന്നതായി പതിനാറാം ധനകാര്യ കമ്മീഷൻ വിലയിരുത്തുന്നു. പല റിപ്പോർട്ടുകളും സമയബന്ധിതമായി സമർപ്പിക്കപ്പെടാത്തതും ശുപാർശകൾ നടപ്പാക്കപ്പെടാത്തതും കേന്ദ്ര ധനകാര്യ കമ്മീഷന്റെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭരണഘടനയുടെ 280(3)(bb), 280(3)(c) വകുപ്പുകളിൽ ഉൾപ്പെട്ടിരിക്കുന്ന 'സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ' എന്ന പദപ്രയോഗം ഒഴിവാക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതി പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

അതോടൊപ്പം, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പ്രവർത്തനം സമഗ്രമായി പഠിക്കുകയും മികച്ച പ്രവർത്തനരീതികളുടെ (Best Practices) സമാഹാരം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യാൻ നിതി ആയോഗിനെ ചുമതലപ്പെടുത്തണമെന്നും റിപ്പോർട്ട് നിർദേശിച്ചിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പ്രവർത്തനത്തിൽ രാജ്യവ്യാപകമായി കൂടുതൽ ഏകീകൃത സ്വഭാവവും നിലവാരവും ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

## ഫണ്ട് കൈമാറ്റം, സുതാര്യത, ഉത്തരവാദിത്തം

ഗ്രാന്റുകൾ അനുവദിക്കുന്നതുപോലെ തന്നെ അവ സമയബന്ധിതമായി തദ്ദേശ സ്ഥാപനങ്ങളിൽ എത്തിച്ചേരുന്നതും കമ്മീഷൻ പ്രധാനമായി കാണുന്നു. കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ് സംസ്ഥാനങ്ങൾ പരമാവധി പത്ത് പ്രവൃത്തി ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറണം. നിശ്ചിത സമയപരിധി ലംഘിക്കുകയാണെങ്കിൽ, കാലതാമസത്തിന് പലിശ സഹിതം തുക നൽകേണ്ട ബാധ്യത സംസ്ഥാന സർക്കാരുകൾക്കുണ്ടാകും. ഗ്രാന്റുകൾ ലക്ഷ്യസ്ഥാനത്ത് വൈകാതെ എത്തിക്കുന്നതിനുള്ള ശക്തമായ സംവിധാനമാണിത്.




ഗ്രാന്റുകളുടെ വിതരണം ഓരോ വർഷവും രണ്ട് തുല്യ ഗഡുക്കളായാണ് നടത്തുക. ആദ്യ ഗഡു ജൂൺ മാസത്തിലും രണ്ടാം ഗഡു ഒക്ടോബർ മാസത്തിലും അനുവദിക്കും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് വാർഷിക വികസന പദ്ധതികൾ ആസൂത്രണം ചെയ്യാനും സമയബന്ധിതമായി നടപ്പാക്കാനും കൂടുതൽ സൗകര്യമുണ്ടാകും.

സാമ്പത്തിക സുതാര്യത ഉറപ്പാക്കുന്നതിനായി ഗ്രാന്റുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും e-GramSwaraj പോർട്ടലിൽ ലഭ്യമാക്കണമെന്നും കമ്മീഷൻ നിർദേശിക്കുന്നു. അക്കൗണ്ടുകൾ, പദ്ധതികൾ, ഫണ്ട് വിനിയോഗം, പുരോഗതി റിപ്പോർട്ടുകൾ എന്നിവ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത് സാമൂഹിക ഉത്തരവാദിത്തവും പൊതുനിരീക്ഷണവും ശക്തിപ്പെടുത്തും.

സംസ്ഥാന സർക്കാരുകളും തദ്ദേശ സ്ഥാപനങ്ങളും സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഉറപ്പാക്കുന്ന സാഹചര്യത്തിലാണ് കേന്ദ്രസഹായം കൂടുതൽ ഫലപ്രദമാകുകയെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അതിനാൽ സാമ്പത്തിക സഹായം വർധിപ്പിക്കുന്നതിനൊപ്പം, ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും ഉത്തരവാദിത്തപൂർണവും ഫലപ്രദവുമാക്കുന്ന ഒരു സമഗ്ര ചട്ടക്കൂടാണ് പതിനാറാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവയ്ക്കുന്നത്.

## 'സങ്കല്പ് ', തീമുകൾ, ഗ്രാമ വികസന ആസൂത്രണം

പതിനാറാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക വിഭവങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം, ആ വിഭവങ്ങൾ വികസനലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഊന്നൽ നൽകുന്നു. ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക വികസന പദ്ധതിയായ ഗ്രാമ പഞ്ചായത്ത് വികസന പദ്ധതി (GPDP), അതിന്റെ ഭാഗമായി സ്വീകരിക്കുന്ന 'സങ്കല്പ്' സംവിധാനവും തീം അടിസ്ഥാനത്തിലുള്ള വികസന ആസൂത്രണവും സുപ്രധാനമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലഘട്ടം മുതൽ വികസിച്ചുവന്ന ഈ സംവിധാനം പ്രകടനാധിഷ്ഠിത വികസന ആസൂത്രണത്തിന്റെ പ്രധാന ഉപാധിയായി മാറിയിട്ടുണ്ട്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (SDGs) ബന്ധിപ്പിച്ചാണ് ഗ്രാമപഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾ ഒമ്പത് പ്രധാന തീമുകളായി ക്രമീകരിച്ചിരിക്കുന്നത്. ദാരിദ്ര്യമുക്ത ഗ്രാമം, ആരോഗ്യമുള്ള ഗ്രാമം, ശിശുസൗഹൃദ ഗ്രാമം, ജലസമൃദ്ധ ഗ്രാമം, ശുചിത്വമുള്ള ഗ്രാമം, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക നീതിയുള്ള ഗ്രാമം, സദ്ഭരണമുള്ള ഗ്രാമം, വനിതാ സൗഹൃദ ഗ്രാമം എന്നിവയാണ് ആ ഒമ്പത് തീമുകൾ. ഓരോ ഗ്രാമ

**പതിനാറാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധന സഹായം വർധിപ്പിക്കുന്നതിനൊപ്പം, സാമ്പത്തിക അച്ചടക്കത്തിനും സുതാര്യതയ്ക്കും പ്രകടനത്തിനും തുല്യ പ്രാധാന്യം നൽകുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.**

പഞ്ചായത്തും തങ്ങളുടെ പ്രാദേശിക ആവശ്യങ്ങൾ വിലയിരുത്തി വാർഷിക വികസന പദ്ധതിയിൽ ഏതൊക്കെ തീമുകൾക്ക് മുൻഗണന നൽകണമെന്നത് തീരുമാനിക്കണം. അതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് 'സങ്കല്പ്' സ്വീകരിക്കുന്നത്. ഈ തീരുമാനത്തിന് ഗ്രാമസഭയുടെ അംഗീകാരം നിർബന്ധമാണ്. അംഗീകരിച്ച സങ്കല്പും തിരഞ്ഞെടുത്ത തീമുകളും വൈബ്രന്റ് ഗ്രാമസഭാ പോർട്ടലിൽ (Vibrant Gram Sabha) രേഖപ്പെടുത്തുകയും വേണം.

തിരഞ്ഞെടുത്ത ഓരോ സങ്കല്പ് തീമിനും പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ടിൽ നിന്ന് 25 ശതമാനം വീതം വകയിരുത്തണമെന്നാണ് നിലവിലുള്ള മാർഗനിർദേശം. രണ്ട് തീമുകൾ തിരഞ്ഞെടുക്കുകയാണെങ്കിൽ അൺടൈഡ് ഫണ്ടിന്റെ 50 ശതമാനം അതിനായി വിനിയോഗിക്കണം. അതോടൊപ്പം, തിരഞ്ഞെടുത്ത തീമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുറഞ്ഞത് 25 ശതമാനമെങ്കിലും വാർഷിക പദ്ധതിയിൽ നടപ്പാക്കണമെന്നും വ്യവസ്ഥയുണ്ട്. ഇതിലൂടെ വിഭവങ്ങളുടെ വിനിയോഗവും വികസനലക്ഷ്യങ്ങളും തമ്മിൽ വ്യക്തമായ ബന്ധം സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്.

## പ്രകടന ഗ്രാന്റും 'സങ്കല്പ്' സംവിധാനവും

പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകളെ അടിസ്ഥാന ഗ്രാന്റും പ്രകടന ഗ്രാന്റുമായി വിഭജിച്ചതോടെ വികസന ആസൂത്രണത്തിന്റെ ഗുണനിലവാരത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു. സ്വന്തം വരുമാനം (Own Source Revenue - OSR) വർധിപ്പിക്കൽ, പ്രാദേശിക വിഭവ സമാഹരണം ശക്തിപ്പെടുത്തൽ, വികസന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പ് എന്നിവ പ്രകടന വിലയിരുത്തലിന്റെ പ്രധാന ഘടകങ്ങളാണ്. 'സങ്കല്പ്' തീമുകളെ അടിസ്ഥാനമാക്കി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് പഞ്ചായത്തുകൾക്ക് പ്രാദേശിക വിഭവങ്ങൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കാനും സ്വന്തം വരുമാനം വർധിപ്പിക്കാനും സഹായിക്കുന്നു. ഇതിലൂടെ വികസന പ്രവർത്തനങ്ങളും സാമ്പത്തിക സ്വയംപര്യാപ്തതയും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുന്നു. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി തയ്യാറാക്കലും ധനകാര്യ മാനേജ്മെന്റും പ്രകടനാധിഷ്ഠിതമാക്കുക എന്നതാണ് ഈ സമീപനത്തിന്റെ ലക്ഷ്യം.

## തീം അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ

ഓരോ തീമിനും അതത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വിശദമായ പ്രവർത്തനങ്ങളുടെ (Activities) പട്ടിക നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ അവരുടെ വാർഷിക വികസന പദ്ധതിയിൽ ഈ പ്രവർത്തനങ്ങളിൽ നിന്ന് പ്രാദേശിക ആവശ്യങ്ങൾക്ക് അനുയോജ്യമായവ തിരഞ്ഞെടുക്കുകയും നടപ്പാക്കുകയും വേണം.

ഈ പ്രവർത്തനങ്ങളെ പൊതുവേ രണ്ട് വിഭാഗങ്ങളായി കാണാം. ഒന്നാമത്തേത് വിവിധ സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ കുടുംബങ്ങളിൽ എത്തിക്കുന്ന പ്രവർത്തനങ്ങളാണ്. വില്ലേജ് ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ (Village Poverty Reduction Plan -VPRP) ഭാഗമായി ഭവന പദ്ധതികളിലേക്കുള്ള അപേക്ഷകൾ, റേഷൻ കാർഡ്, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, കൃഷി ഇൻഷുറൻസ്, മണ്ണിന്റെ ആരോഗ്യ കാർഡ്, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ തുടങ്ങിയ സർക്കാർ സേവനങ്ങളും പദ്ധതികളും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. രണ്ടാമത്തെ വിഭാഗം നേരിട്ടുള്ള വികസന പദ്ധതികളാണ്. ഉദാഹരണമായി, 'ദാരിദ്ര്യമുക്തവും ഉപജീവന സുരക്ഷിതവുമായ ഗ്രാമം' എന്ന തീമിന്റെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ പരിശീലനം, സ്വയംസഹായ സംഘങ്ങളുടെ രൂപീകരണം, കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധന, വിപണന സൗകര്യങ്ങൾ വികസിപ്പിക്കൽ, ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കാം.

> **സ്വന്തം വരുമാനം വർധിപ്പിക്കുന്നതിനുള്ള വ്യക്തമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും പ്രാദേശിക നികുതി സംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത കമ്മീഷൻ ഊന്നിപ്പറയുന്നു.**

'ആരോഗ്യമുള്ള ഗ്രാമം' എന്ന തീമിന്റെ ഭാഗമായി ആരോഗ്യ ക്യാമ്പുകൾ, പ്രതിരോധ കുത്തിവയ്പ്, പോഷകാഹാര ബോധവൽക്കരണം, പകർച്ചവ്യാധി പ്രതിരോധം, കുട്ടികളിലും ഗർഭിണികളിലുമുള്ള

**സാമ്പത്തിക സഹായം വർധിപ്പിക്കുന്നതിനൊപ്പം, ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും ഉത്തരവാദിത്തപൂർണവും ഫലപ്രദവുമാക്കുന്ന ഒരു സമഗ്ര ചട്ടക്കൂടാണ് പതിനാറാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവയ്ക്കുന്നത്.**

അനീമിയ നിർമാർജനം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. 'സദ്ഭരണമുള്ള ഗ്രാമം' എന്ന തീമിൽ വിവരഫലകങ്ങൾ സ്ഥാപിക്കൽ, പൊതുവിവരാവകാശ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കൽ, സാമൂഹിക ഓഡിറ്റുകൾ, ഗ്രാമസഭകളിൽ അക്കൗണ്ടുകൾ അവതരിപ്പിക്കൽ, ഡിജിറ്റൽ സേവനങ്ങൾ വ്യാപിപ്പിക്കൽ, പൊതുസമ്പത്തുകളുടെ ജിയോ-ടാഗിംഗ്, രേഖകളുടെ ഡിജിറ്റലൈസേഷൻ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സുതാര്യവും ഉത്തരവാദിത്തമുള്ളതുമായ ഭരണസംവിധാനം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നത്.

ഇതുപോലെ ഓരോ തീമിനും പ്രത്യേക വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ഇ-ഗ്രാംസ്വരാജ് (eGramSwaraj) ഉൾപ്പെടെയുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്. ഗ്രാമപഞ്ചായത്തുകൾ അവരുടെ പ്രാദേശിക സാഹചര്യങ്ങളും വികസന ആവശ്യങ്ങളും വിലയിരുത്തി അവയിൽ നിന്ന് അനുയോജ്യമായ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുകയും വാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണത്തെ കൂടുതൽ ലക്ഷ്യബോധമുള്ളതും അളക്കാവുന്നതും ഫലപ്രദവുമാക്കുന്ന സംവിധാനമാണ് 'സങ്കല്പ്'-തീം-ആക്റ്റിവിറ്റി മാതൃക. സാമ്പത്തിക വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പ്രാദേശിക വികസനത്തിന് വ്യക്തമായ ദിശാബോധം നൽകുന്നതിനും ഈ സംവിധാനം സഹായകമാകുന്നു.

2026-31 കാലയളവിലേക്കുള്ള പതിനാറാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭാവിയെ പുതിയ തലത്തിലേക്ക് ഉയർത്തുന്ന സമഗ്രമായ പരിഷ്കരണ രേഖയാണ്. ഗ്രാന്റുകളുടെ ഗണ്യമായ വർധനവിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ശേഷി ഉറപ്പാക്കുന്നതിനൊപ്പം, ആ വിഭവങ്ങൾ കൂടുതൽ ഉത്തരവാദിത്തത്തോടെയും കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള വ്യക്തമായ ചട്ടക്കൂടും കമ്മീഷൻ മുന്നോട്ടുവയ്ക്കുന്നു.

ഗ്രാമീണ-നഗര തദ്ദേശ സ്ഥാപനങ്ങൾക്കായി 7.91 ലക്ഷം കോടി രൂപയുടെ ധനസഹായം, നഗരവൽക്കരണത്തിന്റെ വെല്ലുവിളികൾ പരിഗണിച്ചുള്ള വിഭവ വിതരണം, അൺടൈഡ് ഗ്രാന്റുകളുടെ ഗണ്യമായ വർധന, പ്രകടനാധിഷ്ഠിത പ്രോത്സാഹനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം വരുമാനം വർധിപ്പിക്കുന്നതിലുള്ള ഊന്നൽ, സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ, സാമ്പത്തിക സുതാര്യതയും ഡിജിറ്റൽ അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്ന വ്യവസ്ഥകൾ എന്നിവയെല്ലാം ഈ റിപ്പോർട്ടിന്റെ ഭാഗമാണ്.

അതോടൊപ്പം കുടിവെള്ള വിതരണം, ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, നഗര മലിനജല പരിപാലനം, പെരി-അർബൻ മേഖലകളുടെ ആസൂത്രിത വികസനം തുടങ്ങിയ അടിസ്ഥാന സേവനങ്ങൾക്ക് കമ്മീഷൻ നൽകിയിരിക്കുന്ന പ്രാധാന്യം, തദ്ദേശ ഭരണത്തിന്റെ വികസന മുൻഗണനകളിൽ ഉണ്ടായ മാറ്റത്തെ പ്രതിഫലിപ്പിക്കുന്നു. വികസനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം പ്രാദേശിക ഭരണത്തിന്റെ ശേഷി വർധിപ്പിക്കുകയെന്ന ലക്ഷ്യവും ഇതിലുണ്ട്. ഗ്രാമപഞ്ചായത്ത് വികസന പദ്ധതികൾ, 'സങ്കല്പ്' സംവിധാനം, തീം അടിസ്ഥാനത്തിലുള്ള ആസൂത്രണം, പ്രകടന വിലയിരുത്തൽ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന സമീപനം വികസനത്തെ കൂടുതൽ ലക്ഷ്യബോധമുള്ളതും ഫലാധിഷ്ഠിതവുമാക്കുന്നു. പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവയ്ക്ക് അനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്തുകയും വിഭവങ്ങൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുകയും സ്വന്തം വരുമാന സ്രോതസ്സുകൾ വികസിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് കമ്മീഷൻ ഊന്നിപ്പറയുന്നത്.

സാമ്പത്തിക സഹായവും ഉത്തരവാദിത്തവും പ്രവർത്തന സ്വാതന്ത്ര്യവും പ്രകടനവും വികേന്ദ്രീകരണവും സുതാര്യതയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു പുതിയ ധനകാര്യ ചട്ടക്കൂടാണ് ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നത്. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവങ്ങൾ ലഭ്യമാക്കുന്നതിനപ്പുറം, അവയെ കൂടുതൽ സ്വയംപര്യാപ്തവും കാര്യക്ഷമവും ഉത്തരവാദിത്തമുള്ളതുമായ ജനകീയ ഭരണസ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

# പരിസ്ഥിതിദിനം ആചരിച്ചു.



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർ കൈകോർത്ത പരിസ്ഥിതി ദിനാചരണം ജനകീയ മുന്നേറ്റമായി മാറി.

പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, മാലിന്യമുക്ത കേരളം, ഹരിത ജീവിതശൈലി എന്നിവ പ്രമേയമാക്കി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. വൃക്ഷത്തൈ നടീൽ, കനാൽ-തോട് ശുചീകരണം, ജലാശയ സംരക്ഷണം, പ്ലാസ്റ്റിക് മാലിന്യ നിർമാർജനം, പരിസ്ഥിതി ബോധവൽക്കരണ റാലികൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾ, ഹരിത പ്രതിജ്ഞ തുടങ്ങിയ പരിപാടികൾ ശ്രദ്ധേയമായി.

ശുചിത്വ ഗർവ് സർവക്ഷൺ ജനജാഗ്രതാ പ്രവർത്തനങ്ങളുടെ ഭാഗമായി 'ഏക് പേട് മാ കേ നാം' (അമ്മയ്ക്കായി ഒരു മരം) എന്ന ദേശീയ ക്യാമ്പയിനിലും തദ്ദേശസ്ഥാപനങ്ങൾ സജീവ പങ്കാളികളായി. വിദ്യാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ തൈകൾ നട്ടുപിടിപ്പിക്കുകയും ഹരിതപരിസരം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. നിരവധി കേന്ദ്രങ്ങളിൽ ക്ലീൻ ഡ്രൈവുകളും മാലിന്യ ശേഖരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു.

കുടുംബശ്രീ, ഹരിതകർമസേന, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, യുവജന-വനിതാ കൂട്ടായ്മകൾ എന്നിവയുടെ പങ്കാളിത്തം ദിനാചരണത്തിന് കൂടുതൽ കരുത്തേകി. പ്രകൃതിസൗഹൃദ ജീവിതരീതികൾ പ്രോത്സാഹിപ്പിക്കുക, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുക എന്നീ സന്ദേശങ്ങൾ സമൂഹത്തിലാകെ വ്യാപിപ്പിക്കാൻ വിവിധ ബോധവൽക്കരണ പരിപാടികൾ സഹായകമായി. കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി വെല്ലുവിളികളും രൂക്ഷമാകുന്ന സാഹചര്യത്തിൽ, ഹരിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ലോക പരിസ്ഥിതി ദിനാചരണം ഓർമ്മപ്പെടുത്തി.

# മഴക്കാല പകർച്ചവ്യാധി പ്രതിരോധം ശക്തമാക്കാൻ 'ഡ്രൈ ഡേ' കലണ്ടർ

സംസ്ഥാനത്ത് മഴക്കാല പകർച്ചവ്യാധികൾ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ശക്തിപ്പെടുത്തി. ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി എല്ലാ ആഴ്ചയും വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 'ഡ്രൈ ഡേ' ആചരിക്കുന്നതിനുള്ള കലണ്ടർ ആരോഗ്യവകുപ്പ് പുറത്തിറക്കി. പുതിയ ക്രമീകരണമനുസരിച്ച് വെള്ളിയാഴ്ച സ്കൂളുകളിലും ശനിയാഴ്ച സർക്കാർ ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലുമായി ഡ്രൈ ഡേ ആചരിക്കും. ഞായറാഴ്ച വീടുകളിലാണ് ഡ്രൈ ഡേ ആചരിക്കേണ്ടത്. മഴക്കാലത്ത് ഡെങ്കിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപിക്കാനുള്ള സാധ്യത കണക്കിലെടുത്താണ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നത്.

ഡ്രൈ ഡേ പ്രവർത്തനങ്ങൾ വിജയകരമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് നിർണായകമാണ്. വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾ, കൊതുകിന്റെ ഉറവിട നശീകരണം, മാലിന്യനീക്കം, വെള്ളക്കെട്ടുകൾ ഒഴിവാക്കൽ, പൊതുസ്ഥലങ്ങളുടെയും സ്ഥാപനങ്ങളുടെയും പരിസര ശുചിത്വം ഉറപ്പാക്കൽ എന്നിവ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപ്പാക്കും. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് ഫീൽഡ് പരിശോധനകളും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തമാക്കും.



സ്കൂളുകളിലെ ഉച്ചഭക്ഷണ അടുക്കളകൾ, കുടിവെള്ള സ്രോതസ്സുകൾ എന്നിവയിൽ പ്രത്യേക പരിശോധന നടത്തുന്നതിനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. മഴയില്ലാത്ത ദിവസങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഫോഗിങ് ഉൾപ്പെടെയുള്ള കൊതുക് നിയന്ത്രണ നടപടികളും സ്വീകരിക്കും. പനി, ചുമ, ജലദോഷം തുടങ്ങിയ രോഗ ലക്ഷണങ്ങളുള്ള കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാതിരിക്കുക, പൊതുസമ്മേളനങ്ങളിലും ആശുപത്രി സന്ദർശനങ്ങളിലും മാസ്ക് ഉപയോഗിക്കുക തുടങ്ങിയ ആരോഗ്യ മുൻകരുതലുകൾ സ്വീകരിക്കാൻ പൊതുജനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്.

# പരിഷ്ക്കരിച്ച വാർഷിക പദ്ധതി:
# സമയപരിധി നീട്ടി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കാനുള്ള സമയപരിധി സംസ്ഥാന സർക്കാർ ജൂലൈ 31 വരെ നീട്ടി. എന്നിരുന്നാലും, 2026-27 ലെ പുതുക്കിയ ബജറ്റ് അനുബന്ധം നാല് പ്രകാരം ലഭ്യമായ തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കണമെന്നാണ് നിർദേശം. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് നിലവിൽ വന്നിട്ടുണ്ടെങ്കിലും അതിന്റെ ഗ്രാന്റ് വിനിയോഗത്തിനുള്ള വിശദമായ മാർഗനിർദേശങ്ങൾ അന്തിമമാക്കിയിട്ടില്ല.

പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം, ടൈഡ് ഗ്രാന്റ്, അൺടൈഡ് ഗ്രാന്റ് എന്നിങ്ങനെ വർഗീകരിച്ചിട്ടുണ്ട്. അൺടൈഡ് ഗ്രാന്റിന്റെ 20 ശതമാനം വരെ അടിസ്ഥാന സൗകര്യ നിർമാണത്തിനും പരിപാലനത്തിനും വിനിയോഗിക്കാം. ടൈഡ് ഗ്രാന്റ് ഖരമാലിന്യ സംസ്കരണം, ജലവിഭവ പരിപാലനം, അനുബന്ധ സർവീസുകളുടെ പ്രവർത്തന പരിപാലന ചിലവുകൾ എന്നിവയ്ക്കായി മാത്രമേ ഉപയോഗിക്കാവൂ. കേന്ദ്ര വിഹിതം ലഭ്യമാകാത്ത പദ്ധതികൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാനും മുൻവർഷങ്ങളിലെ സ്പിൽ ഓവർ ബാധ്യതകൾ വഹിക്കാനും ഈ തുക ഉപയോഗപ്പെടുത്താം.



വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, ലഭ്യമായ കാരിയോവർ തുക കണക്കിലെടുത്ത് ആകെ തുക നിശ്ചയിക്കുകയും അതിനനുസൃതമായി പ്രോജക്ടുകൾ ക്രമീകരിക്കുകയും വേണം. പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിൽ 80 ശതമാനത്തിൽ കുറഞ്ഞ് വിനിയോഗിച്ച സ്ഥാപനങ്ങൾക്ക് 2026-27 ലെ പൊതുവിഭാഗ വിഹിതത്തിൽ നിന്ന് പരിഹാരം ഏർപ്പെടുത്താം. മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ 20 ശതമാനം വരെ കാരിയോവർ അനുവദനീയമാണ്.

ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ പദ്ധതികൾ സമയബന്ധിതമായി ഉൾപ്പെടുത്തണമെന്ന നിർദേശത്തിന്റെ ഭാഗമായി, ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ പ്രത്യേക അവലോകനം ജില്ലാ ആസൂത്രണ സമിതികൾ നടത്തണം. കൂടാതെ, വാർഷിക പദ്ധതി രൂപീകരണത്തിന്റെ തുടക്കത്തിൽ നിർദേശിച്ച മുൻഗണനാ പരിപാടികൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം.

കേരള പുനർനിർമാണ പദ്ധതിയുടെ ഭാഗമായി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ 'പ്രോഗ്രാം ഫോർ റിസൾട്ട്സ്' മാനദണ്ഡങ്ങൾ പാലിച്ച സ്ഥാപനങ്ങൾക്ക് പ്രകടന പ്രോത്സാഹന ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ വിഹിതത്തിന്റെ ബാക്കി തുക ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

2025-26 ലെ സ്പിൽ ഓവർ പദ്ധതികളും മുൻവർഷങ്ങളിൽ നിർവഹണം ആരംഭിച്ച ബഹുവർഷ പദ്ധതികളുടെ 2026-27 ലെ ഘടകങ്ങളും ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിക്കണം. സ്പിൽ ഓവർ പദ്ധതികൾ നിർണയിക്കുന്നതിനും തുടർനടപടികൾക്കും മുമ്പത്തെ ഉത്തരവുകളിൽ വ്യക്തമാക്കിയ മാർഗരേഖകൾ പാലിക്കണം. പരിഷ്കരിച്ച പദ്ധതി സുലേഖ സോഫ്റ്റ്വെയറിൽ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം. സമർപ്പിക്കുന്ന മുറയ്ക്ക് സമിതികൾ യോഗം ചേർന്ന് പദ്ധതി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്.

എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും പുറമേ, സംസ്ഥാന ആസൂത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർമാർ, ചീഫ് എഞ്ചിനീയർ, എല്ലാ ജില്ലാ കളക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ജോയിന്റ് ഡയറക്ടർമാർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കില, ഇൻഫർമേഷൻ കേരള മിഷൻ തുടങ്ങിയവർക്കും ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ട്.



# പിഎംആവാസ് യോജന ഗ്രാമീണിന് (2026-27 ) അംഗീകാരം

## 102 കോടി കേന്ദ്രവിഹിതവും 80.50 കോടി സംസ്ഥാന വിഹിതവും അനുവദിച്ചു

പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ (പിഎംആവാസ്-ജി) പദ്ധതിയുടെ 2026-27 സാമ്പത്തികവർഷത്തെ നിർവ്വഹണത്തിന് കേരള സർക്കാർ ഔദ്യോഗിക മദർ സാങ്ക്ഷൻ അനുവദിച്ചു. തദ്ദേശ സ്വയംഭരണ (ഡി.ഇ.) വകുപ്പ് ജൂലൈ 4 ന് പുറപ്പെടുവിച്ച ഉത്തരവിലൂടെയാണ് ഈ തുക അനുവദിച്ചത്. പദ്ധതിയുടെ ജനറൽ, എസ്.സി, എസ്ടി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കായി കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഏകോപിപ്പിച്ചാണ് വിനിയോഗം.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഉത്തരവിനെത്തുടർന്ന് 102 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിച്ചത്. അതേസമയം, 2026-27 ലെ സംസ്ഥാന ബജറ്റിൽ പദ്ധതിക്കായി 182.50 കോടി രൂപ വകയിരുത്തിയിരുന്നു. കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ 60:40 എന്ന അനുപാതത്തിലാണ് വിഭജിച്ചത്. ഇതിൽ കേന്ദ്രവിഹിതമായി 102 കോടിയും, ആനുപാതിക സംസ്ഥാന വിഹിതമായി 68 കോടിയുമാണ് ആദ്യഘട്ടത്തിൽ അനുവദിച്ചത്. ബാക്കി 12.50 കോടി രൂപ പിന്നീട് അധിക ധനാനുമതി വഴി ലഭ്യമാക്കും.

വിഭാഗങ്ങൾ തിരിച്ചുള്ള വിഹിതം പരിശോധിക്കുമ്പോൾ, ജനറൽ വിഭാഗത്തിന് 14050.20 ലക്ഷം രൂപയാണ് ആകെ അനുവദിച്ചിരിക്കുന്നത്. ഇതിൽ കേന്ദ്രവിഹിതം 8430.09 ലക്ഷവും സംസ്ഥാനവിഹിതം 5620.11 ലക്ഷവുമാണ്. എസ് സി വിഭാഗത്തിന് 1311.05 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 786.62 ലക്ഷം കേന്ദ്രവിഹിതവും 524.43 ലക്ഷം സംസ്ഥാന വിഹിതവുമാണ്. എസ്ടി വിഭാഗത്തിന് 1638.81 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 983.28 ലക്ഷം കേന്ദ്രവിഹിതവും 655.53 ലക്ഷം സംസ്ഥാനവിഹിതവുമാണ്.

റീ-അപ്രോപ്രിയേഷൻ വഴി ജനറൽ വിഭാഗത്തിന് 7550.20 ലക്ഷം രൂപയും, എസ്ടി വിഭാഗത്തിന് 450 ലക്ഷം രൂപയും അധികമായി അനുവദിച്ചു. കൂടാതെ, അധിക ധനാനുമതി മുഖേന എസ്.സി വിഭാഗത്തിന് 1311.05 ലക്ഷം രൂപയും, എസ്ടി വിഭാഗത്തിന് 888.81 ലക്ഷം രൂപയും കൂടി ലഭ്യമാക്കി.

അനുവദിച്ച തുക സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം. ബാക്കി വരുന്ന തുക മറ്റ് ശീർഷകങ്ങളിലേക്ക് മാറ്റുകയോ, സാമ്പത്തിക വർഷാവസാനത്തിൽ തീർക്കാതിരിക്കുകയോ ചെയ്യരുതെന്ന് ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

# ആത്മനിർഭർ ഭാരത്: ശിൽപശാല സംഘടിപ്പിച്ചു



ആത്മനിർഭർ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പും കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയവും സംയുക്തമായി സംഘടിപ്പിച്ച ശിൽപശാല കൊച്ചിയിൽ നടന്നു. പഞ്ചായത്തുകളെ ധനകാര്യ സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ ജൂലൈ 7-ന് സംഘടിപ്പിച്ച ശിൽപശാലയിൽ 210-ലധികം പഞ്ചായത്തുകൾ നേരിട്ടും ഏകദേശം 600 പഞ്ചായത്തുകൾ ഓൺലൈനായും പങ്കെടുത്തു.

കേന്ദ്ര പഞ്ചായത്തിരാജ് സെക്രട്ടറി വിവേക് ഭരദ്വാജ് ശിൽപശാല ഉദ്ഘാടനം ചെയ്തു. പഞ്ചായത്തുകളുടെ സ്വന്തം വരുമാനം വർധിപ്പിക്കുന്നതിനും സുസ്ഥിരമായ ധനകാര്യ പരിപാലനം ഉറപ്പാക്കുന്നതിനും പ്രാദേശിക വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സമഗ്ര വികസനം കൈവരിക്കുന്നതിനുമുള്ള പദ്ധതിയാണ് ആത്മനിർഭർ പഞ്ചായത്തെന്ന് അദ്ദേഹം പറഞ്ഞു. വികസിത ഭാരതം സാക്ഷാത്കരിക്കുന്നതിൽ പഞ്ചായത്തുകൾക്ക് നിർണായക പങ്കുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി അധ്യക്ഷത വഹിച്ചു. കേരളത്തിന്റെ ഭരണസംവിധാനത്തിൽ പഞ്ചായത്തുകൾ വഹിക്കുന്ന പ്രധാന പങ്ക് അദ്ദേഹം വിശദീകരിച്ചു. പഞ്ചായത്തുകൾക്ക് കൂടുതൽ ഉത്തരവാദിത്തങ്ങൾ കൈമാറിയ സാഹചര്യത്തിൽ, അവയുടെ ദീർഘകാല സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കാൻ സ്വന്തം വരുമാനം വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തിന്റെ ശക്തമായ തദ്ദേശഭരണ സംവിധാനവും ശേഷി വികസന പ്രവർത്തനങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ അവതരിപ്പിച്ചു. ജനാധിപത്യ വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിൽ തുടർച്ചയായ പരിശീലനത്തിന്റെയും സ്ഥാപന പിന്തുണയുടെയും പ്രാധാന്യം KILA ഡയറക്ടർ ജനറൽ ഡോ. എൻ. ദേവിദാസ് വിശദീ

കരിച്ചു. ദീർഘകാല വികസന കാഴ്ചപ്പാടോടെ പദ്ധതികൾ തയ്യാറാക്കുകയും അവയുടെ രൂപകൽപ്പനയിൽ പ്രൊഫഷണൽ നിലവാരം ഉറപ്പാക്കുകയും വേണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ നിർദേശിച്ചു.

നാബാർഡിന്റെയും ഹഡ്കോയുടെയും പ്രതിനിധികൾ പദ്ധതിക്ക് ലഭ്യമാകുന്ന സ്ഥാപന പിന്തുണയും ധനസഹായ സാധ്യതകളും വിശദീകരിച്ചു. സാമ്പത്തികമായും സാങ്കേതികമായും പ്രായോഗികമായ പദ്ധതികൾ തയ്യാറാക്കുന്നതിനും അവയുടെ വിലയിരുത്തലിനും ധനസഹായം ലഭ്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങളും അവർ അവതരിപ്പിച്ചു.

ശിൽപശാലയുടെ ഭാഗമായി ചോദ്യോത്തര സെഷനും സംഘടിപ്പിച്ചു. പങ്കെടുത്തവരുടെ സംശയങ്ങൾക്ക് കേന്ദ്ര പഞ്ചായത്തിരാജ് സെക്രട്ടറി വിവേക് ഭരദ്വാജ് മറുപടി നൽകി. ആത്മനിർഭർ പഞ്ചായത്ത് പദ്ധതിയുടെ പ്രവർത്തന ചട്ടക്കൂട്, യോഗ്യതാ മാനദണ്ഡങ്ങൾ, വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കൽ, ധനസഹായ സംവിധാനം, നിലവിലുള്ള സർക്കാർ പദ്ധതികളുമായുള്ള സംയോജനം, പുതുമയാർന്ന വരുമാന പദ്ധതികൾ സമർപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള ചലഞ്ച് മോഡ് സംവിധാനം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ സാങ്കേതിക സെഷനുകളും നടന്നു.

പ്രാദേശിക വിഭവങ്ങളുടെയും പൊതുസ്വത്തുക്കളുടെയും സാമ്പത്തിക സാധ്യതകൾ പ്രയോജനപ്പെടുത്തി പഞ്ചായത്തുകളെ ധനകാര്യ സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയാണ് രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ആത്മനിർഭർ പഞ്ചായത്ത് പദ്ധതിയുടെ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകൾക്ക് അനുയോജ്യമായ പദ്ധതികൾ വികസിപ്പിക്കുന്നതിന് സാങ്കേതിക പിന്തുണയും പൊതുമേഖല-സ്വകാര്യ പങ്കാളിത്തം (PPP), കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം (CSR), സ്ഥാപന ധനസഹായം, വിവിധ സർക്കാർ പദ്ധതികളുടെ സംയോജനം എന്നിവയിലൂടെ സാമ്പത്തിക പിന്തുണയും ലഭ്യമാക്കും.

രാജ്യവ്യാപകമായി കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം സംഘടിപ്പിക്കുന്ന ഔട്ട്റീച്ച് കാമ്പെയ്നിന്റെ ഭാഗമായാണ് കൊച്ചിയിൽ ശിൽപശാല സംഘടിപ്പിച്ചത്. പഞ്ചായത്തുകളിൽ അവബോധം വർധിപ്പിക്കുന്നതിനും സ്ഥാപനശേഷി ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വികസനവും സ്വന്തം വരുമാന വർധനയും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ കാമ്പെയിൻ ലക്ഷ്യമിടുന്നത്.

കേന്ദ്ര പഞ്ചായത്തിരാജ് ജോയിന്റ് സെക്രട്ടറി രാജേഷ് കുമാർ സിംഗ്, നാബാർഡ്, ഹഡ്കോ പ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തുടങ്ങിയവരും ശിൽപശാലയിൽ പങ്കെടുത്തു.



# ജനങ്ങൾക്ക് സമയബന്ധിത സേവനം ഉറപ്പാക്കണം

## ഉദ്യോഗസ്ഥരോട് മന്ത്രി കെ.എം. ഷാജി



ജനജീവിതത്തെ സ്പർശിക്കാൻ കഴിയുന്ന വിധത്തിൽ വകുപ്പിൽ നിന്നും സേവനങ്ങൾ നൽകാനുള്ള സാധ്യതകൾ ആത്മാർത്ഥമായി വിനിയോഗിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഔദ്യോഗിക ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തരുതെന്നും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് അവരോട് ചേർന്ന് നിന്ന് പരിഹാരം കണ്ടെത്തുന്ന സമീപനമാണ് സ്വീകരിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഉദ്യോഗസ്ഥർക്ക് ആവശ്യമായ എല്ലാ പിന്തുണയും സർക്കാർ നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

സ്വരാജ് ഭവനിലെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നടന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വകുപ്പുതല റിവ്യൂ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ സെക്ഷനുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും പ്രവർത്തന പുരോഗതി, 2026–27 വാർഷിക പദ്ധതികളുടെ നിർവഹണം, ധനവിനിയോഗം, സേവന വിതരണ കാര്യക്ഷമത, മാലിന്യ സംസ്കരണം, നഗരാസൂത്രണം, സ്ഥിതിവിവരാധിഷ്ഠിത ആസൂത്രണം, സിവിൽ രജിസ്ട്രേഷൻ, വിജിലൻസ് സംവിധാനങ്ങൾ എന്നിവ യോഗത്തിൽ വിശദമായി അവലോകനം ചെയ്തു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഘടനയും വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനവും യോഗം വിലയിരുത്തി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർധിപ്പിക്കുന്നതിന് എല്ലാ സാധ്യതകളും ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി നിർദേശിച്ചു. മാലിന്യ സംസ്കരണ പദ്ധതികളുടെ വിജയത്തിന് സാങ്കേതിക മികവ് നിർണായകമാണെന്നും അതിനാൽ പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും ഗുണനിലവാരത്തിനും സാങ്കേതിക മികവിനും പ്രത്യേക പ്രാധാന്യം നൽകണമെന്നും മന്ത്രി നിർദേശിച്ചു.

മാറിവരുന്ന ഭരണരീതികൾക്കും സാങ്കേതിക വിദ്യകൾക്കും അനുസൃതമായി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർക്ക് തുടർച്ചയായ അവബോധവും ശേഷി വികസനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ സ്വാഗതം ആശംസിച്ചു. സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ്, ഡയറക്ടർ (റൂറൽ) അപൂർവ ത്രിപാഠി, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർമാർ, ചീഫ് ഓഫീസർ (പി. ആർ.) വിവിധ മിഷനുകളുടെയും ഏജൻസികളുടെയും മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ആർ.എസ്. സായിപൗർണമി

# സ്മാർട്ട് സിറ്റി മിഷനുകൾ

## തിരുവനന്തപുരം സ്മാർട്ട് സിറ്റി

ദേശീയ സ്മാർട്ട് സിറ്റി മിഷന്റെ ഭാഗമായി നടപ്പാക്കിയ 91 പദ്ധതികളിൽ 85 എണ്ണമാണ് ഇതിനകം പൂർത്തിയാക്കിയത്. 2025 ഡിസംബറോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് വിനിയോഗം പൂർണ്ണമായി പൂർത്തിയാക്കി. ഈ നേട്ടങ്ങൾക്ക് അംഗീകാരമായി സ്മാർട്ട് സിറ്റികളുടെ ദേശീയ എക്സ്പോയിൽ 'ബെസ്റ്റ് സ്മാർട്ട് സിറ്റി ഓഫ് ദി ഇയർ' പുരസ്കാരം ലഭിച്ചു. യുഎൻ ഹാബിറ്റാറ്റിന്റെ ഗ്ലോബൽ അവാർഡ് ഫോർ സസ്റ്റൈനബിൾ ഡവലപ്മെന്റ് നേടിയ ആദ്യ ഇന്ത്യൻ നഗരമായും തിരുവനന്തപുരം മാറി.

സാമ്പത്തിക പുരോഗതിയുടെ കണക്കുകൾ നോക്കിയാൽ, ആകെ ₹1,135.7 കോടി ചെലവ് കണക്കാക്കിയ പദ്ധതികൾക്ക് ₹1,109.70 കോടി വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നുമുള്ള 488 കോടി രൂപ വീതം പൂർണ്ണമായും വിനിയോഗിച്ചു. എന്നാൽ നഗരസഭയുടെ വിഹിതമായ 135.70 കോടി രൂപയിൽ നിന്നുള്ള രണ്ട് കോടിയോളം മാത്രമണ് ഇനി ചെലവഴിക്കാനുള്ളത്. ഇതുകൂടാതെ KIIFB മുഖേന 100 കോടി രൂപയുടെ നഗര മൊബിലിറ്റി, കാൽനട അടിസ്ഥാന സൗകര്യ പദ്ധതികളും CITIIS 2.0 ന്റെ ഭാഗമായി നഗരതലത്തിൽ 154 കോടി രൂപയുടെയും സംസ്ഥാനതലത്തിൽ 25.2 കോടി രൂപയുടെയും കാലാവസ്ഥാ പ്രതിരോധ, സർക്കുലർ സമ്പദ് വ്യവസ്ഥ പദ്ധതികളും പുരോഗമിക്കുന്നു.

നാല് പദ്ധതികളാണ് ഇപ്പോൾ നിർവഹണ ഘട്ടത്തിൽ ഇരിക്കുന്നത്. 80 കോടി രൂപ ചെലവ് കണക്കാക്കിയ പാളയം മാർക്കറ്റിന്റെ പുനരുദ്ധാരണം, 20.95 കോടി രൂപയുടെ വാണിയംകുളം മൾട്ടി-ലെവൽ കാർ പാർക്കിംഗ് എന്നിവ ഏതാനും മാസങ്ങൾക്കകം പൂർത്തിയാകും. KIIFB യുടെ 7.20 കോടി രൂപയുടെ നഗരമൊബിലിറ്റി പദ്ധതികളും, 4.99 കോടി രൂപയുടെ ശിശുക്ഷേമ അമ്മത്തൊട്ടിൽ ഘട്ടം ഒന്നും പൂർത്തിയായി വരികയാണ്. ആകെ 113.14 കോടി രൂപയുടെ ഈ നാല് പദ്ധതികളിൽ രണ്ടെണ്ണം 2026 ജൂലൈയോടെയും ബാക്കി രണ്ടെണ്ണം ഒക്ടോബറിനകവും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*(കണക്കുകൾ 2026 ജൂണിലേത്)*



# കൊച്ചി സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ്



നഗര പരിവർത്തനത്തിനുള്ള പദ്ധതികളുടെ ആസൂത്രണം, നിർവഹണം, മാനേജ്മെന്റ് എന്നിവയാണ് കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ (CSML) മുഖ്യ പ്രവർത്തന മേഖലകൾ. വിവിധ മേഖലകളിലെ സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഗുണനിലവാരവും സമയബന്ധിതമായ നിർവഹണവും ഉറപ്പാക്കുന്നു. കോർപ്പറേഷൻ, പി.ഡബ്ല്യു.ഡി, കെ.ഡബ്ല്യു.എ, കെ.എസ്.ഇ.ബി, ഫയർ ആൻഡ് റെസ്ക്യൂ, പോലീസ്, ആരോഗ്യം, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുമായി ചേർന്നാണ് പദ്ധതികൾ നടപ്പാക്കുന്നത്. 1018 കോടി രൂപയ്ക്കുള്ള 92 പ്രോജക്ടുകൾ ഇതിനകം പൂർത്തീകരിച്ചു.

കൊച്ചി നഗരത്തിന്റെ പരിവർത്തനത്തിനായി മൊബിലിറ്റി, കാലാവസ്ഥാ പ്രതിരോധം, നഗര സേവനങ്ങൾ, ഭവന പ്രശ്നങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനുമായാണ് CSML പ്രവർത്തിക്കുന്നത്. കേരള അർബൻ കമ്മീഷന്റെ മുൻഗണനകളുമായും കേന്ദ്രത്തിന്റെ അർബൻ ചാലഞ്ച് ഫണ്ടുമായും യോജിപ്പിച്ചാണ് പ്രവർത്തനങ്ങൾ. NHAI, DMIC, മെട്രോ റെയിൽ കോർപ്പറേഷനുകൾ, കൊങ്കൺ റെയിൽവേ തുടങ്ങിയ വിജയകരമായ എസ്.പി.വി മാതൃകകളെ അടിസ്ഥാനമാക്കിയുള്ളതാണ് CSML-ന്റെ ഘടന.

CSML-ന്റെ കാലാവധി 2024 ജൂലൈ മുതൽ നീട്ടുന്നതിന് ബോർഡിന്റെ തത്വത്തിലുള്ള അനുമതിയും 2026 മാർച്ച് 31-ന് ശേഷവും പ്രവർത്തിക്കാൻ സംസ്ഥാന സർക്കാരിന്റെ അനുമതിയും ലഭിച്ചു (G.O.(Rt) No.485/2026/LSGD). നഗര പുനരുജ്ജീവന, സൗന്ദര്യവത്കരണ പദ്ധതികൾക്കുള്ള എസ്.പി.വിയായും CSML പ്രവർത്തിക്കുന്നു (G.O.(Rt) No.141/2026/LSGD).





അനീറ്റ ആൻഡ്രൂസ്

# സാക്ഷരതാ മിഷൻ

കേരളത്തിലെ സാക്ഷരതാ-തുല്യതാവിദ്യാഭ്യാസ മേഖലയിലെ നിർണായക സംവിധാനമാണ് കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി. സാക്ഷരതയിൽ തുടർച്ച നിലനിർത്താനും വിദ്യാഭ്യാസരംഗത്തെ അസമത്വങ്ങൾ പരിഹരിക്കാനുമായി രൂപം നൽകിയ ഈ സ്ഥാപനം, ആദ്യം 'കേരളസംസ്ഥാന സാക്ഷരതാസമിതി' എന്ന പേരിൽ പ്രവർത്തനമാരംഭിച്ച് 1997-ലാണ് 'അതോറിറ്റി' എന്ന പദവി സ്വീകരിക്കുന്നത്.

1998 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായി പ്രവർത്തിച്ചിരുന്ന ഇത് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. എങ്കിലും, അക്കാദമിക കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടം നിലനിൽക്കുന്നു. 'സാക്ഷരത' എന്ന ആശയം കാലത്തിനനുസരിച്ച് മാറുന്നതിനാൽ, നവകേരളത്തിന്റെ പുതുസാക്ഷരത എന്ന ലക്ഷ്യത്തോടെ സാമൂഹിക, ഡിജിറ്റൽ സാക്ഷരതാ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് അതോറിറ്റി മുന്നോട്ടു പോകുന്നു. നിരക്ഷരതയുടെ തുരുത്തുകൾ ഇല്ലാതാക്കാൻ തീരദേശ, മലയോര മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്കൊപ്പം, കാഴ്ചവെല്ലുവിളി നേരിടുന്നവർക്കായി ബ്രെയ്‌ലി സാക്ഷരതാ പദ്ധതികളും നടപ്പിലാക്കുന്നു.

1956-ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്ററസി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റിനു കീഴിൽ 1997ലാണ് അതോറിറ്റി രൂപീകരിച്ചത് 2023 മുതൽ ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി.

പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാത്തവരെ ലക്ഷ്യമിട്ട് നാലുമാസം ദൈർഘ്യമുള്ള സാക്ഷരതാ കോഴ്സ് മിഷൻ നടത്തുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകളിലാണ് ക്ലാസുകൾ. വിജയിക്കുന്നവർക്ക് നാലാംതരം തുല്യതാ കോഴ്സിലേക്ക് പ്രവേശനവും ലഭിക്കും. തുല്യതാ വിദ്യാഭ്യാസ പരിപാടി നടത്തുന്ന ഏക സംസ്ഥാനമാണ് കേരളം. മുടങ്ങിപ്പോയ വിദ്യാഭ്യാസം പൂർത്തിയാക്കാനും ജോലിക്കും ഉന്നത പഠനത്തിനും ഇത് അവസരമൊരുക്കുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കണ്ടറി തുല്യതാ കോഴ്സുകൾ വിജയകരമായി നടത്തി വരുന്നു. എസ്.എസ്.എൽ.സിക്ക് തുല്യമായ സർട്ടിഫിക്കറ്റ് പി.എസ്.സി പരീക്ഷകൾക്ക് അംഗീകരിച്ചിട്ടുണ്ട്. ലക്ഷദ്വീപ്, ദുബായ്, അജ്മാൻ എന്നിവിടങ്ങളിലും പഠനകേന്ദ്രങ്ങളുണ്ട്.

പട്ടികജാതി കോളനികളിൽ നിരക്ഷരത നിർമ്മാർജ്ജനത്തിനും തുല്യതാ വിദ്യാഭ്യാസ





ത്തിനുമായി 'നവചേതന' പദ്ധതി നടപ്പിലാക്കി. ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'ചെങ്ങാതി' (അതിഥി തൊഴിലാളി സാക്ഷരതാ പരിപാടി) ആരംഭിച്ചു. 'ഹമാരി മലയാളം' പാഠപുസ്തകം അടിസ്ഥാനമാക്കി ആലപ്പുഴ ജില്ലയിലെ 561 സ്ത്രീകൾ വിജയിച്ചു. ട്രാൻസ്ജെൻഡർ വിഭാഗത്തിനായി 'സമന്വയ' പദ്ധതിയും പഠനവീട് സൗകര്യവും ഏർപ്പെടുത്തി. കാഴ്ചവെല്ലുവിളി നേരിടുന്നവർക്കായി 'ദീപ്തി' - ബ്രെയ്‌ലി സാക്ഷരതാ പദ്ധതി നടപ്പിലാക്കി. സ്ത്രീകളുടെ ഉന്നമനത്തിനായി 'മുന്നേറ്റം' പദ്ധതിയും, ജെൻഡർ ബോധവത്കരണത്തിനായി പ്രത്യേക പദ്ധതിയും നിലവിലുണ്ട്.

തിരുവനന്തപുരം നഗരസഭയുമായി സഹകരിച്ച് 'അക്ഷരശ്രീ' പദ്ധതിയും, പരിസ്ഥിതി ബോധ വത്കരണത്തിനായി 'പരിസ്ഥിതി സാക്ഷരതാ' പദ്ധതിയും നടപ്പിലാക്കുന്നു. ജയിലുകളിൽ തടവുകാർക്കായി 'ജയിൽ ജ്യോതി' പദ്ധതിയും, ഭരണഘടനാ സാക്ഷരതയ്ക്കായി 'വി ദി പീപ്പിൾ ഓഫ് ഇന്ത്യ' കലാപരിപാടികളും സംഘടിപ്പിക്കുന്നു.

ഡിജിറ്റൽ വിടവ് നികത്താൻ 'ഇ-മുറ്റം', 'ഡിജി കേരളം' തുടങ്ങിയ പദ്ധതികളിലൂടെ 12 ലക്ഷത്തിലധികം പേർ ഡിജിറ്റൽ സാക്ഷരത നേടി. കണ്ണൂർ ജില്ലയിൽ സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസം ലക്ഷ്യമിട്ട് 'പത്താമുദയം', ആലപ്പുഴയിൽ 'പാഠം ഒന്ന് ആലപ്പുഴ' (സമ്പൂർണ്ണ പത്താംതരം തുല്യത) പദ്ധതികൾ നടപ്പിലാക്കുന്നു. കേന്ദ്രസർക്കാരിന്റെ 'നവ ഇന്ത്യ ലിറ്ററസി പ്രോഗ്രാം' (നിലാവ്) എന്ന പദ്ധതിയും 14 ജില്ലകളിലും വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നു. ആശാ വർക്കർമാർക്ക് പത്താംതരം തുല്യത നേടാൻ പ്രത്യേക കോഴ്സും, ഓറിയന്റൽ സ്കൂൾ വിദ്യാർത്ഥികൾക്കായി 'മലയാളശ്രീ' ഭാഷാപഠന പദ്ധതിയും നിലവിലുണ്ട്. കൂടാതെ, 'കൂടെ', 'ഒപ്പം', വയനാട്, അട്ടപ്പാടി




ആദിവാസി സാക്ഷരതാ പദ്ധതികളും വിജയകരമായി നടപ്പിലാക്കി. സാക്ഷരതാ മിഷന്റെ കീഴിൽ 'സ്മാർട്ട് ഓഫീസ് മാനേജ്മെന്റ് & ഡിജിറ്റൽ സ്കിൽസ്' പോലുള്ള തൊഴിൽ പരിശീലന കോഴ്സുകളും ഉണ്ട്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഹയർസെക്കണ്ടറി തുല്യത നേടിയവർക്കായി ബിരുദ/ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചു. 'വരമൊഴി' (പ്രൂഫ് റീഡിംഗ്), 'പച്ചമലയാളം', 'അടിസ്ഥാന ഹിന്ദി', 'ഗുഡ് ഇംഗ്ലീഷ്' തുടങ്ങിയ ഭാഷാപഠന കോഴ്സുകളും നടത്തുന്നു.

ഭാവിയിൽ, അനൗപചാരിക പഠന പ്രവർത്തനങ്ങൾക്ക് പുതിയ ദിശ നൽകാനും കേരളത്തെ സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസം കൈവരിച്ച സംസ്ഥാനമാക്കി മാറ്റാനും മിഷൻ ലക്ഷ്യമിടുന്നു. ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, വയോജനങ്ങൾ തുടങ്ങിയവർക്കായി ഭരണഘടനാ അവകാശങ്ങൾ ഉറപ്പാക്കുന്ന പഠനരീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

# തൊഴിലുറപ്പ് പദ്ധതി: വേതന നിരക്കുകൾ പുതുക്കി

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും തൊഴിലുറപ്പ് പദ്ധതിയിലെ വേതന നിരക്കുകൾ വർധിപ്പിച്ചു. 2026 ജൂൺ 30–നാണ് വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ഗ്യാരണ്ടി [VB-GRAMG] പ്രകാരം നൽകേണ്ട പുതുക്കിയ വേതന നിരക്കുകൾ ഇന്ത്യാ ഗവൺമെന്റ് വിജ്ഞാപനം ചെയ്തത്. VB-GRAMG ആക്ട്, 2025 2026 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്നതോടെ പുതിയ വേതന നിരക്കുകളും നിലവിൽ വന്നു. ഇതോടെ രാജ്യത്ത് ശരാശരി 10 ശതമാനത്തിലധികം വേതന വർധന പ്രാബല്യത്തിലായി.



അരുണാചൽ പ്രദേശ്, നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്കാണ് ഏറ്റവും ഉയർന്ന ശതമാനം വേതനവർധന ലഭിച്ചത്. ഏകദേശം 24.5 ശതമാനമാണ് ഇവിടങ്ങളിലെ വർധന. അതേസമയം ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ബീഹാർ, ജാർഖണ്ഡ്, അസം, ത്രിപുര, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലും 15 ശതമാനത്തിലധികം വർധനവുണ്ട്. കേരളം, ഹരിയാന, പഞ്ചാബ്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നേരത്തേ 360 രൂപയിൽ കൂടുതലായിരുന്ന വേതനം 401 രൂപ മുതൽ 409 രൂപ വരെയുള്ള നിരക്കുകളിലേക്ക് ഉയർത്തി.

പുതിയ വിജ്ഞാപനത്തോടെ ഒരു സംസ്ഥാനത്തും പ്രതിദിന വേതനം 300 രൂപയിൽ താഴെയാകില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. 34 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പുതുക്കിയ നിരക്കുകൾ ബാധകമാണ്. എം.ജി.എൻ.ആർ.ഇ.ജി.എ. പ്രകാരമുള്ള വിജ്ഞാപിത ദേശീയ ശരാശരി പ്രതിദിന വേതനം ₹298.8 ആയിരുന്നു. VB-GRAMG പ്രകാരം ഇത് ₹327.4 ആയി ഉയർന്നു. അതായത്, പ്രതിദിനം ശരാശരി ₹28.6യുടെ വർധനയാണ് ഉണ്ടായിരിക്കുന്നത്.

ഈ വിജ്ഞാപനത്തിന് മുമ്പ് നിരവധി സംസ്ഥാനങ്ങളിലെ വേതനനിരക്ക് ₹300–ൽ താഴെയായിരുന്നു. ഏറ്റവും കുറഞ്ഞ വിജ്ഞാപിത വേതനം ₹241 ആയിരുന്നു. പുതുക്കിയ വിജ്ഞാപനപ്രകാരം ₹300 ആണ് അടിസ്ഥാന വേതനം. ഈ അടിസ്ഥാന വേതന നിരക്ക് 21 സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നേരിട്ട് ഗുണം ചെയ്യും. സിക്കിം (₹450), ഹരിയാന (₹409), ഗോവ (₹406), കേരളം (₹401) എന്നിവയാണ് ഏറ്റവും ഉയർന്ന വേതനനിരക്കുള്ള സംസ്ഥാനങ്ങൾ.

# കുടുംബശ്രീ 'പുനർജീവന മധുരം' പദ്ധതിക്ക് തുടക്കമായി




അട്ടപ്പാടിയിലെ വനിതാ കർഷകർ ഉൽപ്പാദിപ്പിച്ച മധുരക്കിഴങ്ങിൽ നിന്ന് നിർമ്മിച്ച ആറ് മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന 'പുനർജീവന മധുരം' പദ്ധതിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി നിർവഹിച്ചു.

തിരുവനന്തപുരത്തെ ഐ.സി.എ.ആർ.-കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം (സി.ടി.സി.ആർ.ഐ) കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ, അട്ടപ്പാടിയിലെ വനിതാ കർഷകർ ഉൽപ്പാദിപ്പിച്ച മധുരക്കിഴങ്ങിൽ നിന്ന് തയ്യാറാക്കിയ ആറ് മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ലോഞ്ചിങ്ങും മന്ത്രി നിർവഹിച്ചു. സാധാരണക്കാരായ സ്ത്രീകൾ നിർമ്മിക്കുന്ന കുടുംബശ്രീ ഉൽപ്പന്നങ്ങൾ ആഗോള വിപണിയിൽ മത്സരിക്കാൻ പര്യാപ്തമാണെന്ന് മന്ത്രി പറഞ്ഞു.

കുടുംബശ്രീയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ-കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനവും സംയുക്തമായാണ് 'പുനർജീവന' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി പരിശീലനം നേടിയ തദ്ദേശീയരായ കർഷകർ ഉൽപ്പാദിപ്പിച്ച മധുരക്കിഴങ്ങിൽ നിന്ന് തയ്യാറാക്കിയ സ്വാദിഷ്ഠമായ പൊടി, ഹെൽത്ത് മിക്സ്, സൂപ്പ്, ഗമ്മീസ്, കുൽഫി, ചിപ്സ് എന്നീ മൂല്യവർധിത ഉൽപ്പന്നങ്ങളാണ് ഇപ്പോൾ വിപണനത്തിന് തയ്യാറായിട്ടുള്ളത്. ഇവ കുടുംബശ്രീയുടെ ഔദ്യോഗിക പ്രീമിയം ബ്രാൻഡായ 'കെ-ഇനം' വഴി വിപണിയിലെത്തും.

ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിഘ്നേശ്വരി വി. കുടുംബശ്രീ കെ-ഇനം ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ മന്ത്രിക്ക് സമ്മാനിച്ചു. ഐ.സി.എ.ആർ.-സി.ടി.സി.ആർ.ഐ ഡയറക്ടർ ഡോ. ജി. ബൈജു അധ്യക്ഷത വഹിച്ചു. ലാൻഡ് റവന്യൂ കമ്മീഷണർ എച്ച്. ദിനേശൻ മുഖ്യാതിഥിയായി.

പരിപാടിക്ക് ശേഷം സി.ടി.സി.ആർ.ഐയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻക്യുബേഷൻ സെന്ററും മന്ത്രി സന്ദർശിച്ചു.

മണ്ണിന്റെ ആരോഗ്യത്തെക്കുറിച്ചും സന്തുലിത വളപ്രയോഗത്തെക്കുറിച്ചും ഡോ. കെ. സുനിൽ കുമാർ, ഡോ. ഷീല ഇമ്മാനുവൽ എന്നിവർ ക്ലാസെടുത്തു. ഡോ. സെന്തിൽ കുമാർ കെ. എം., ഡോ. രഹാന എസ്. എൻ., ഡോ. പ്രകാശ് കൃഷ്ണൻ ബി. എസ്. എന്നിവർ നേതൃത്വം നൽകി.

പ്രോഗ്രാം ഓഫീസർ ഡോ. ഷാനവാസ്, ഡോ. എം. എസ്. സജീവ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ രമേഷ് ജി., അട്ടപ്പാടിയിൽ നിന്ന് തിരഞ്ഞെടുത്ത വനിതാ കർഷകർ, കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷൻ ഭാരവാഹികൾ, ഐ.സി.എ.ആർ.-സി.ടി.സി.ആർ.ഐ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

നേരത്തെ കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മുപ്പത് കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചിരുന്നു. നിലവിൽ അട്ടപ്പാടിയിൽ നൂറ് ഏക്കറിലധികം സ്ഥലത്ത് വിവിധയിനം മധുരക്കിഴങ്ങ് കൃഷി ചെയ്യുന്നുണ്ട്. പദ്ധതി വഴി 80 കർഷക കുടുംബങ്ങൾക്ക് മികച്ച വരുമാനം ലഭ്യമാകും.




# എലിക്കുളത്തിന്റെ നാട്ടുചന്ത

## കർഷകരുടെ സ്വന്തം വിപണിക്ക് മാതൃക

വിത്തും വളവും വെള്ളവും വെളിച്ചവും പോലെ തന്നെ കർഷകന്റെ ജീവിതത്തെ നിർണയിക്കുന്നത് വിപണിയാണ്. ഉൽപാദനച്ചെലവ് ഉയരുകയും ഇടനിലക്കാരെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ ന്യായമായ വില ലഭിക്കാത്തത് കേരളത്തിലെ ചെറുകിട കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഈ പ്രശ്നത്തിന് പ്രായോഗികമായ പരിഹാരം കണ്ടെത്തിയിരിക്കുകയാണ് കോട്ടയം ജില്ലയിലെ പാലാ ബ്ലോക്കിലെ എലിക്കുളം ഗ്രാമപഞ്ചായത്ത്. കർഷകർ തന്നെ ആസൂത്രണം ചെയ്ത് നടത്തിവരുന്ന 'എലിക്കുളത്തിന്റെ നാട്ടുചന്ത' ഇന്ന് ഉൽപാദകരെയും ഉപഭോക്താക്കളെയും നേരിട്ട് ബന്ധിപ്പിക്കുന്ന വിജയകരമായ വിപണിയായി മാറിയിരിക്കുകയാണ്.

2019 ജൂണിൽ കൃഷിവകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ചേർന്ന കർഷകയോഗത്തിലാണ് സ്വന്തം വിപണിയെന്ന ആശയം രൂപംകൊണ്ടത്. തുടർന്ന് തളിർ പച്ചക്കറി ഉൽപാദക സംഘത്തിന്റെ നേതൃത്വത്തിൽ 2019 ജൂലൈ 4-ന് കുരുവിക്കാട് കേന്ദ്രമാക്കി നാട്ടുചന്ത പ്രവർത്തനം ആരംഭിച്ചു.

### കർഷകരുടെ നേതൃത്വത്തിലുള്ള വിപണി

കർഷകരുടെ തന്നെ ഭരണസമിതിയാണ് നാട്ടുചന്തയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഉൽപന്നങ്ങൾ സ്വീകരിക്കുന്നത് മുതൽ പ്രദർശനം, വിൽപ്പന,




കണക്കെടുപ്പ്, പണം കൈമാറ്റം എന്നിവയടക്കം എല്ലാ പ്രവർത്തനങ്ങളും കർഷകരുടെയും അവരുടെ പ്രതിനിധികളുടെയും നേതൃത്വത്തിലാണ് നടക്കുന്നത്. സുതാര്യമായ പ്രവർത്തനരീതിയാണ് നാട്ടുചന്തയുടെ പ്രത്യേകത.

## കാന്താരി മുതൽ കറവപ്പശു വരെ

പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ, നാടൻ വാഴക്കുലകൾ, മൂല്യവർധിത ഉൽപന്നങ്ങൾ, തേൻ, നാളികേരം, കോഴിമുട്ട, കോഴി, താറാവ്, ആട് തുടങ്ങി വൈവിധ്യമാർന്ന കാർഷിക ഉൽപന്നങ്ങളാണ് നാട്ടുചന്തയിലെത്തുന്നത്. കന്നുകാലി കൈമാറ്റത്തിനും വാട്സ്ആപ്പ് ഗ്രൂപ്പിന്റെ സഹായം പ്രയോജനപ്പെടുത്തുന്നു. എല്ലാ ബുധനാഴ്ചയും വൈകിട്ട് ഉൽപന്നങ്ങൾ സ്വീകരിച്ച് വ്യാഴാഴ്ച രാവിലെ വിപണി സജീവമാകുന്നു. ഉൽപന്നങ്ങളുടെ ലഭ്യത കൂടുതലാകുമ്പോൾ പരസ്യ ലേലവും സംഘടിപ്പിക്കുന്നു.




## വിപണിക്കപ്പുറം ഒരു കാർഷിക കൂട്ടായ്മ

വിപണി നടത്തുക എന്നതിലുപരി കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കും നാട്ടുചന്ത നേതൃത്വം നൽകുന്നു. നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ, കർഷക പരിശീലനങ്ങൾ, മൂല്യവർധിത ഉൽപന്ന നിർമാണം, വിപണന സംവിധാനം ശക്തിപ്പെടുത്തൽ എന്നിവയിലും സജീവ ഇടപെടലുണ്ട്. കൃഷിവകുപ്പ്, ജനപ്രതിനിധികൾ, കർഷക സംഘടനകൾ എന്നിവയുടെ സഹകരണവും ഈ മാതൃകയ്ക്ക് കരുത്താകുന്നു.

## കോവിഡ് കാലത്തും മുടങ്ങാത്ത പ്രവർത്തനം

കോവിഡ് നിയന്ത്രണങ്ങൾ മൂലം പല വിപണികളും പ്രവർത്തനം നിർത്തിയപ്പോഴും ആരോഗ്യ മാനദണ്ഡങ്ങൾ പാലിച്ച് നാട്ടുചന്തയുടെ പ്രവർത്തനം തുടർന്നു. 2019-ൽ ആരംഭിച്ച ശേഷം ഒരു ആഴ്ചപോലും പ്രവർത്തനം മുടങ്ങിയിട്ടില്ലെന്നത് ഈ കൂട്ടായ്മയുടെ കരുത്ത് വ്യക്തമാക്കുന്നു.

ന്യായമായ വിലയും ഇടനിലക്കാരില്ലാത്ത വിപണന സംവിധാനവും ഉറപ്പാക്കിക്കൊണ്ട് എലിക്കുളത്തിന്റെ നാട്ടുചന്ത കർഷകസൗഹൃദ വിപണിയുടെ ശ്രദ്ധേയ മാതൃകയായി മാറിയിരിക്കുകയാണ്.




# ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിന് ജില്ലാ പഞ്ചായത്തിന്റെ സൗജന്യ യൂട്യൂബ് ചാനൽ

വിദ്യാർഥികളുടെ ഇംഗ്ലീഷ് ആശയവിനിമയശേഷി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന GOTEC (Global Opportunities Through English Communication) പദ്ധതിയുടെ ഭാഗമായി GOTEC PRO (Pronunciation Reosurce Online) എന്ന സൗജന്യ യൂട്യൂബ് ചാനൽ ആരംഭിച്ചു. പദ്ധതിയുടെ മെന്റർമാരുടെ ഒന്നാംഘട്ട ഓറിയന്റേഷൻ പരിപാടിയോടനുബന്ധിച്ചാണ് ചാനൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത്.

ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഇംഗ്ലീഷ് ഉച്ചാരണത്തിന്റെ വിവിധ വശങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന വീഡിയോ പാഠങ്ങളും പരിശീലന സാമഗ്രികളും ഈ യൂട്യൂബ് ചാനലിലൂടെ സൗജന്യമായി ലഭ്യമാകും. വിദ്യാർഥികളുടെ ഉച്ചാരണ മികവും (Pronunciation), വ്യക്തതയുള്ള ആശയവിനിമയശേഷിയും (Intelligibility), ആത്മവിശ്വാസവും വർധിപ്പിക്കാൻ ഈ സംരംഭം സഹായകരമാകും.

ഈ അധ്യയന വർഷം മുതൽ GOTEC പദ്ധതി എയ്ഡഡ് സ്കൂളുകളിലേക്കും വ്യാപിപ്പിച്ചതും പരിപാടിയുടെ മറ്റൊരു പ്രധാന സവിശേഷതയായി. ആദ്യഘട്ടത്തിൽ ജില്ലയിലെ 19 എയ്ഡഡ് സ്കൂളുകളെ പൈലറ്റ് യൂണിറ്റുകളായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷൻ ഡോ. കെ. ആർ. ഷൈജു അധ്യക്ഷനായ ചടങ്ങിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിജയകുമാർ സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി പരിപാടി ഉദ്ഘാടനം ചെയ്ത് GOTEC PRO യൂട്യൂബ് ചാനൽ പ്രകാശനം ചെയ്തു. ആഗോളവൽക്കരണത്തിന്റെയും സാങ്കേതിക മുന്നേറ്റങ്ങളുടെയും കുടിയേറ്റത്തിന്റെയും ഈ കാലഘട്ടത്തിൽ ഇംഗ്ലീഷ് ആശയവിനിമയ നൈപുണ്യം വിദ്യാർഥികളുടെ ഭാവിജീവിതത്തിന് അനിവാര്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ സാധ്യതകൾക്കും അന്തർദേശീയ അവസരങ്ങൾക്കും ഇംഗ്ലീഷ് പ്രാവീണ്യം നിർണായകമാണെന്നും അവർ പറഞ്ഞു. വിദ്യാർഥികളുടെ ഇംഗ്ലീഷ് ആശയവിനിമയശേഷി, വ്യക്തിത്വ വികസനം, നേതൃത്വപാടവം, ആഗോള മത്സരക്ഷമത എന്നിവ വർധിപ്പിക്കുന്നതിനായി GOTEC പദ്ധതിയിലൂടെ കൂടുതൽ നൂതന പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് നടപ്പാക്കുമെന്നും പ്രസിഡന്റ് അറിയിച്ചു.

വിദ്യാഭ്യാസ ഉപഡയറക്ടർ ബിജു മുഖ്യ പ്രഭാഷണം നിർവഹിക്കുകയും GOTEC ബ്രോഷർ പ്രകാശനം ചെയ്യുകയും ചെയ്തു. GOTEC മുഖ്യ ഉപദേഷ്ടാവ് ഡോ. മനോജ് ചന്ദ്രസേനൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, ഭാവി പദ്ധതികൾ എന്നിവ വിശദീകരിച്ചു.

ഡെപ്യൂട്ടി കോ-ഓർഡിനേറ്റർ ആര്യ വി. എസ്., കോർ ടീം അംഗങ്ങളായ കൃഷ്ണശ്രീ ജി., സ്നേഹ എസ്. ഡി., അഭിലാഷ് ചന്ദ്രൻ, രാജി ജി. ആർ., രജിത എം. എൻ. എന്നിവർ ആശംസകൾ നേർന്നു. GOTEC കോ-ഓർഡിനേറ്റർ അൻവർ കെ. നന്ദി രേഖപ്പെടുത്തി.

# ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനം

## മന്ത്രി കെ. എം. ഷാജിയുടെ നേതൃത്വത്തിൽ അടിയന്തിര യോഗം ചേർന്നു

സംസ്ഥാനത്തെ മഴക്കെടുതി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജിയുടെ നേതൃത്വത്തിൽ അടിയന്തിര അവലോകന യോഗം നടന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യ സൗകര്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

പഞ്ചായത്തുകൾക്ക് ഒരു ലക്ഷം, മുനിസിപ്പാലിറ്റികൾക്ക് രണ്ട് ലക്ഷം, കോർപ്പറേഷനുകൾക്ക് അഞ്ച് ലക്ഷം എന്നിങ്ങനെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. മഴ ശമിച്ച പ്രദേശങ്ങളിൽ മാലിന്യ നീക്കം വേഗത്തിലാക്കേണ്ടതുണ്ട്. ഇതിനായി ഏകോപിപ്പിച്ച പ്രവർത്തനങ്ങൾ നടത്തണമെന്നും മന്ത്രി പറഞ്ഞു.

ഒറ്റപ്പെട്ടുപോയ പ്രദേശങ്ങളിൽ സഹായം എത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ റവന്യൂ വകുപ്പുമായി പൂർണ്ണമായും സഹകരിക്കണം. ദുരിത ബാധിതരുടെ കൃത്യമായ കണക്ക് ആവശ്യമാണ്. ഒരാൾ പോലും ഒഴിവാക്കപ്പെടരുത് എന്നും മന്ത്രി നിർദ്ദേശിച്ചു. വരും ദിവസങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൂർണ്ണ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും റസ്ക്യൂ ടീം പൂർണ്ണ സജ്ജമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

നിലവിൽ അപകടകരമായ മേഖലകളിൽ താമസിക്കുന്ന വരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും സ്വീകരിച്ചിട്ടുണ്ടെന്നും ക്യാമ്പുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും യോഗത്തിൽ മന്ത്രി ഉറപ്പ് വരുത്തി.

ശുചീകരണ പ്രവർത്തനത്തിനായി വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും യോഗം വിലയിരുത്തി. ഇതുവരെ ചെയ്ത മറ്റ് പ്രവർത്തനങ്ങളും യോഗം അവലോകനം ചെയ്തു.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ, റൂറൽ ഡയറക്ടർ അപൂർവ ത്രിപാഠി, പതിനാല് ജില്ലകളിലെയും ജോയിന്റ് ഡയറക്ടർമാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



THADDESAKAM (MONTHLY) JULY 2026
₹30 Annual Subscription ₹300, Published on JULY 2026

RNI No. KERMAL/2023/89208
Press Registrar General of India Dated 16/12/2024




Printed & published and Owned by Dr. Divya S. Iyer I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.